കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം. കെ.എസ്.എ.പി.റ്റി.എ. പി 8/1114/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 03/10/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത

തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.പി.റ്റി.എ. പി 8/1114/2025 തീയ്യതി: 03/10/2025

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-08-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ

അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രഞ്ജിത്കുമാർ ജി.	ഡെപ്യൂട്ടി ഡയറക്ടർ	20-08-2025	29-08-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-08-2025	29-08-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അരുൺ കുമാർ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിനോയ് സി.എസ്.	പ്രസിഡന്റ്	01-04-2024	08-01-2025

അഡ്വ. ആർ. കൃഷ്ണകുമാർ	പ്രസിഡന്റ്	09-01-2025	31-03-2025
ശ്രീ. സുമേഷ് കുമാർ വി.	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അപർണ്ണ കെ.എ.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	31-03-2025
ശ്രീമതി അനിതകുമാരി എം.റ്റി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി ലതാ മേരി തോമസ്	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ. മഞ്ചിമ പൗലോസ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2024	29-07-2024
ഡോ. വിമിത മുരളി	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	30-07-2024	31-03-2025
ഡോ. ശ്രീകാർത്തിക തങ്കപ്പൻ	വെറ്ററിനറി സർജ്ജൻ	01-04-2024	31-03-2025
ഡോ. ജിസ് മേരി എ.പി.	ആയുർവേദ മെഡിക്കൽ ഓഫീസർ	01-04-2024	21-01-2025
ഡോ. ഹേമ എൽ.	ആയുർവേദ മെഡിക്കൽ ഓഫീസർ	22-01-2025	31-03-2025
ഡോ. ഷീജാ ബീഗം എസ്.	ഹോമിയോ മെഡിക്കൽ ഓഫീസർ	01-04-2024	31-03-2025

ശ്രീമതി രഞ്ജു രാധാകൃഷ്ണൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	10-04-2024
ശ്രീമതി ശ്രീലേഖ ആർ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	11-04-2024	31-03-2025
ശ്രീ. ഒബി ആർ.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി ശിൽപ പ്രദീപ്	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2024	31-03-2025
ശ്രീമതി പ്രിൻസി പി.സി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുറിയന്നൂർ സർക്കിൾ)	01-04-2024	31-03-2025
ശ്രീമതി ഷിഫാന എസ്. സത്താർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാരാമൺ സർക്കിൾ)	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	രജിസ്റ്ററിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല	1-1-4
6	ബാങ്ക് അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ ചെയ്യുന്നില്ല	1-1-5
7	നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല	1-1-6
8	വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-8
10	"Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല	1-1-9
11	ആസ്തികൾക്ക് തുല്യമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയില്ല	1-1-10
12	കാലഹരണപ്പെട്ട നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല	1-1-11
13	സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ആസ്തി ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തി	1-1-12
14	ചെലവുകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല	1-1-13
15	ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന് കൃത്യതയില്ല	1-1-14
16	പാർട്ട് ബിൽ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-15

17	സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല	1-1-16
18	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-17
19	ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം - വരവ് ചെലവ് തുകകൾ കൃത്യമല്ല	1-1-18
20	ലൈഫ് ലോൺ- അക്കൗണ്ടിംഗ് കൃത്യമല്ല	1-1-19
21	ബജറ്റ്	1-2
22	സാമ്പത്തിക നില	1-3
23	ഗ്രാന്റ് വിനിയോഗം	1-4
24	പദ്ധതി അവലോകനം	1-5
25	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
26	ക്ഷേമ പദ്ധതികൾ	1-7
27	ക്യാഷ് ബാലൻസ് പരിശോധന	1-8
28	ആഭ്യന്തര നിയന്ത്രണം	1-9
29	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
30	UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം	1-11
31	വസ്തു നികുതി പരിഷ്ക്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല	1-12
32	തൊഴിൽ നികുതി - അപാകങ്ങൾ	1-13
33	ലേലം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല	1-14
34	ധാതു ഗതാഗത പെർമിറ്റ് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്	1-15
35	ലൈസൻസ്-അപാകങ്ങൾ	1-16
36	ഉപയോഗ ശൂന്യമായ വസ്തുക്കൾ ലേലം ചെയ്യണം	1-17
37	പുറമ്പോക്ക് കൈയ്യേറ്റം-തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല	1-18
38	അക്കൗണ്ട് തുടങ്ങിയിട്ടില്ല	1-19

39	പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം	1-20
40	കരാറിലേർപ്പെടൻ കാലതാമസം-ഫൈൻ ഒടുക്കിയത്	1-21
41	മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല	1-22
42	മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു	1-23
43	ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ ഫണ്ട് നഷ്ടപ്പെടും	1-24
44	തെരുവ് വിളക്കുകളുടെ ടൈമർ സിസ്റ്റം പ്രവർത്തനരഹിതം	1-25
45	ലോഗ്ബുക്ക് - പരിപാലനത്തിലെ അപാകതകൾ	1-26
46	ദുരിതാശ്വാസ നിധി നിഷ്ക്രിയം	1-27
47	ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ- 19.31 ലക്ഷം രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു	1-28
48	ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു	1-29
49	പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക- 1.40 കോടി രൂപ	1-30
50	നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല	1-31
51	പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല	1-32
52	ജൽജീവൻ മിഷൻ പദ്ധതി	1-33
53	ഹെൽത്ത് ഗ്രാന്റ് – അവലോകനം	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരങ്ങൾ	4-1

2	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-2
3	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-3
4	നിക്ഷേപ പ്രവൃത്തികൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-6
7	സ്ഥിര നിക്ഷേപം	4-7
8	ഓഡിറ്റ് റിക്കവറി	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-9
10	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-10
11	ഓഡിറ്റ് പ്രത്യവലോകനം	4-11
12	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-12
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2025 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും, 31/03/2025 തീയതിയിലെ ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള ധനകാര്യ പത്രികകളും, പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും, ഭരണസമിതിയുടെ 16/06/2025 തീയതിയിലെ 12(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് 17/06/2025-ൽ എയിംസിലൂടെ ഓഡിറ്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും, ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കേണ്ടത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി.&എ.ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ടെന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും

തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>വിശേഷണങ്ങളോടുകൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2025-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2025-ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
03/10/2025

<u>1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല</u>

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 47,82,928 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,68,087 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണ്.

<u>1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല</u>

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ വിവിധ വരവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

ഇനം	ഡിമാൻറ് രേഖപ്പെടുത്തിയ തീയതി
Property Tax On Residential Building	31.03.2025
Property Tax On Non Residential Building	
Profession Tax Institution	
Profession Tax Traders	

1-1-4 രജിസ്റ്ററിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ തുകകൾ വർഷാന്ത്യത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-5 ബാങ്ക് അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ ചെയ്യുന്നില്ല

റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രതിമാസം തയ്യാറാക്കുന്നില്ല. ഷെഡ്യൂൾ ബി-17: SIB (A/C No. 37113884910) പാസ് ബുക്ക് നീക്കിയിരിപ്പും (₹30,79,660) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ (₹3,082,943) 3,283 രൂപയുടെ വ്യത്യാസം ഉണ്ട്. ആയത് റിക്കൺസിലിയേഷൻ നടത്തി ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയില്ല.

1-1-6 നിക്ഷേപ പ്രവൃത്തികളുടെ നീക്കിയിരിപ്പ് വിവരങ്ങൾ കൃത്യമല്ല

വിവിധ നിർവ്വഹണ ഏജൻസികളിലായി നിക്ഷേപിച്ചതും, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതുമായ തുകകളുടെ കൃത്യമായ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം വിവിധ വാർഡുകളിലെ ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കലും (Pro.No/147) എന്ന പദ്ധതി പ്രകാരം Rs. 13486 KSEB യ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ഷെഡ്യൂൾ ബി-18 Advance To Implementing Officers -KSEB ഹെഡിൽ ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനനുസരിച്ച് വിവിധ നിർവ്വഹണ ഏജൻസികളിലായി നിക്ഷേപിച്ച തുകകളുടെ വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കേണ്ടതാണ്.

1-1-7 വസ്തു നികുതി -സഞ്ചയ പ്രകാരമുള്ള വാർഷിക സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക ഷെഡ്യൂൾ I-1, RP-45, B15, B9 പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, മുൻകൂർ തുകകൾ സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-8 ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

ചുവടെ ചേർക്കുന്ന ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

1. ഹോമിയോ ആശുപത്രിക്ക് ലാപ്ടോപ്പ് വാങ്ങൽ (Pro.No/73) – Rs. 40000
2. കൃഷി ഭവൻ കെട്ടിടം അറ്റകുറ്റ പണി (Pro.No/122 So) – Rs. 322597
3. പഞ്ചായത്ത് ഓഫീസ് ടോയ്ലറ്റ് നവീകരണം (Pro.No/129 So) – Rs. 245202
4. ഒ.ഡി.എഫ് ടോയ്ലറ്റ് നിർമ്മാണം പദ്ധതി (Pro.No/150) – Rs. 138600

1-1-9 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം I-18 - Prior Period Expenditure, I-19 - Prior Period Income എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

290600499	Prior Period Expenses - Remission And Refund - Other Incomes	62,440
190100101	Prior Period Income – Property Tax	50,736
190200401	Prior Period Income - Other Incomes	-64,774

1-1-10 ആസ്തികൾക്ക് തുല്യമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രേഖപ്പെടുത്തിയില്ല

തൻ വർഷം വിവിധ ഗ്രാന്റുകൾ വിനിയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചതിന് ആനുപാതികമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയില്ല.

1-1-11 കാലഹരണപ്പെട്ട നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received - കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റവന്യൂ ഹെഡിലേക്ക് മാറ്റിയിട്ടില്ല. (ഇലക്ഷൻ നിക്ഷേപം- ₹36500, മറ്റ് നിക്ഷേപം ₹ 40500)

1-1-12 സംയുക്ത പ്രോജക്ടുകളുടെ വിനിയോഗത്തിനായി ലഭിച്ച തുക ആസ്തി ഹെഡ്ഡിൽ തെറ്റായി ഉൾപ്പെടുത്തി

Pro.No.112 നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല ബയോബിൻ വിതരണം പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ചെലവഴിച്ച Rs.700000 ആസ്തി ഹെഡിൽ മിനി എം.സി.എഫ്. നിർമ്മാണം എന്ന പേരിൽ തെറ്റായി അക്കൗണ്ട് ചെയ്തു.

1-1-13 ചെലവുകൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല

1. Pro.No. 135 പഞ്ചായത്ത് ഓഫീസ് നവീകരണം Rs. 282114 ആസ്തി വർദ്ധിപ്പിക്കുന്നതിനായുള്ള ചെലവുകൾ ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം റവന്യു ഹെഡിൽ (252120001) അക്കൗണ്ട് ചെയ്തു.
2. Pro.No. 123 വെറ്ററിനറി സബ് സെന്റർ നിർമ്മാണം Rs. 108939 ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം തെറ്റായ ഹെഡിൽ (320100185) അക്കൗണ്ട് ചെയ്തു.
3. Pro.No.134 ആയുർവ്വേദാശുപത്രിയ്ക്ക് ടോയ് ലെറ്റ് നിർമ്മാണം Rs.196944 ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം റവന്യു ഹെഡിൽ (251110801) അക്കൗണ്ട് ചെയ്തു.
4. Pro.No.111 മൃഗാശുപത്രി നവീകരണം Rs.352968 ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം റവന്യു ഹെഡിൽ (250110101) അക്കൗണ്ട് ചെയ്തു.
5. (Pro.No/79) ഓഫീസിൽ ഫർണ്ണിച്ചർ വാങ്ങൽ Rs. 159000 ആസ്തി ഹെഡിൽ ഉൾപ്പെടുത്തുന്നതിനു പകരം റവന്യു ഹെഡിൽ (252120004) അക്കൗണ്ട് ചെയ്തു.

1-1-14 ഗുണഭോക്തൃ വിഹിതം- നീക്കിയിരിപ്പിന് കൃത്യതയില്ല

ഗുണഭോക്തൃ വിഹിതം ഇനത്തിൽ ബി4 ഷെഡ്യൂളിലെ 2,52,058 രൂപ നീക്കിയിരിപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിന് രേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-15 പാർട്ട് ബിൽ തുക ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഷെഡ്യൂൾ ബി-11(ബി): തൻവർഷത്തെ പാർട്ട് ബിൽ ഇനത്തിലുള്ള 16786 രൂപ Capital Work In Progress ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-16 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2024-25 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-17 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-1-18 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതം - വരവ് ചെലവ് തുകകൾ കൃത്യമല്ല

ഷെഡ്യൂൾ ബി-17: ഇ-ഗ്രാം സ്വരാജ് അക്കൗണ്ടിലെ (ഇൻഡ്യൻ ഓവർസീസ് ബാങ്ക് A/C.No.171010000 3321) നീക്കിയിരിപ്പും (₹7,972,006) ഷെഡ്യൂൾ ബി-4-ലെ സി.എഫ്.സി. ബേസിക് ഗ്രാന്റ്, ടൈഡ് ഫണ്ട് എന്നിവയുടെ ആകെ തുകയും (₹8014177) പൊരുത്തപ്പെടുന്നില്ല.
സി.എഫ്.സി – ടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 634040 രൂപ ട്രഷറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. (ജി.ഒ (ആർ.ടി)നം4802./2024/ധന., തീയതി 18-06-2024 പ്രകാരം 317020 രൂപയും ജി.ഒ.(ആർ.ടി.)നം.2075/2025/ധന., തീയതി 04-03-2025 പ്രകാരം 317020 രൂപയും ഉൾപ്പെടെ). എന്നാൽ പ്രസ്തുത ഇനത്തിലുള്ള വരവ് തുകയായ 634040 രൂപ വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവിനത്തിലുള്ള തുകയായ 100000 രൂപയും (Proj.No.144) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
സി.എഫ്.സി അൺ-ടൈഡ് ഗ്രാന്റിനത്തിൽ 135652 രൂപ വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-19 ലൈഫ് ലോൺ- അക്കൗണ്ടിംഗ് കൃത്യമല്ല

ഷെഡ്യൂൾ ബി-5- ലോണിനത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-2 ബജറ്റ്

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 13-02-2024 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണയോഗത്തിൽ 1(1) നമ്പറായി അവതരിപ്പിക്കുകയും 14-02-2024 തീയതിയിൽ ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 1(1) നമ്പർ തീരുമാന പ്രകാരം ഭേദഗതികളോടുകൂടി അംഗീകരിക്കുകയുമുണ്ടായി. ഭരണസമിതിയുടെ 28-03-2025 തീയതിയിലെ സാധാരണയോഗത്തിൽ 1(1)നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

ഇനം	പ്രതീക്ഷിച്ചത്	യഥാർത്ഥത്തിലുള്ളത്	
	ബജറ്റ് പ്രകാരം	റസീറ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
മുന്നിരിപ്പ്	2,29,49,334	1,09,49,224	
വരവ്	12,15,83,500	3,20,81,566	8,77,43,237
ആകെ	14,45,32,834	4,30,30,790	
ചെലവ്	14,36,18,000	2,72,98,638	9,17,19,150
നീക്കിയിരിപ്പ്	9,14,834	1,57,32,152	

1-3 സാമ്പത്തിക നില

ഇനം	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം
മുന്നിരിപ്പ്	1,09,49,224	
ഓഡിറ്റ് വർഷത്തെ വരവ്	3,20,81,566	8,77,43,237
ആകെ വരവ്	4,30,30,790	
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,72,98,638	9,17,19,150
നീക്കിയിരിപ്പ്	1,57,32,152	

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	ലാപ്സായ തുക/ ചെലവഴിക്കാത്ത തുക
വികസന ഫണ്ട് – ജനറൽ	0	12639000	12639000	11756328	882672
വികസന ഫണ്ട് – എസ്.സി.പി	0	2950000	2950000	2428700	521300
വികസന ഫണ്ട് – റ്റി.എസ്.പി	0	0	0	0	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	2516403	5249040	7765443	674942	7090501
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	1110219	2416165	3526384	1933016	1593368
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	0	5218000	5218000	3442472	1775528
മെയിന്റനൻസ് ഗ്രാന്റ് - നോൺ-റോഡ്		2631000	2631000	2052610	578390
സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്					
ഹെൽത്ത്ഗ്രാന്റ് ഇൻഫ്രാസ്ട്രക്ച്ചർ	635600	309776	945376	418240	527136
ഹെൽത്ത് ഗ്രാന്റ് സബ് സെന്റർ &വെൽനെസ്സ് സെന്റർ	278036	491071	769107	181643	587464
ഐ.സി.ഡി.എസ്	1052945	891658	1944603	12884	1931719
എൻ.ആർ.ഇ.ജി.എസ്സ്.	3605	585042	588647	567480	21167
എൻ.എച്ച്.എം. ആയുഷ്	500000	0	500000	0	500000
ശുചിത്വ മിഷൻ	298297	0	298297	108000	190297
ബയോ ഡൈവേഴ്സിറ്റി	229572	210204	439776	230197	209579

ലൈഫ് – സംസ്ഥാന വിഹിതം	547865	700000	1247865	547865	700000

സി.എഫ്.സി – ടൈഡ് ഗ്രാന്റിനത്തിൽ Unspent Balance ഇനത്തിൽ 6,34,040 രൂപ ട്രഷറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു [സ.ഉ(ആർ.ടി.)നം.4802/2024/ധന., തീയതി 18-06-2024 പ്രകാരം 3,17,020 രൂപയും സ.ഉ.(ആർ.ടി.)നം.2075/2025/ധന., തീയതി 04-03-2025 പ്രകാരം 3,17,020 രൂപയും ഉൾപ്പടെ]. എന്നാൽ പ്രസ്തുത ഇനത്തിലുള്ള വരവ് തുകയായ 6,34,040 രൂപ വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ചെലവിനത്തിലുള്ള തുകയായ 1,00,000 രൂപയും (Proj. No. 144) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. സി.എഫ്.സി അൺ-ടൈഡ് ഗ്രാന്റിനത്തിൽ 1,35,652 രൂപ വരവിനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ജനറൽ പർപ്പസ് ഗ്രാന്റായി 8,38,600 വീതം 10 ഗഡുക്കളായി 83,86,000 രൂപയും, 16,73,750 രൂപയും ഉൾപ്പടെ 1,00,59,750 രൂപ തൻവർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്)	വരവിൽ ഉൾപ്പെടാത്ത തുക
വികസന ഫണ്ട് - ജനറൽ	അങ്കണവാടി അധിക വേതനം	744600

1-5 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	ആകെ അടങ്കൽ ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് ₹	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
169	54001745	128	28368972	41	75.73

നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ	ചെലവ്
കൃഷി ഓഫീസർ	8	8	1869100	1606141
വെറ്ററിനറി സർജൻ	8	7	975500	806465

മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)	15	14	3003681	1914973
മെഡിക്കൽ ഓഫീസർ (ഹോമിയോ)	3	3	270000	270000
സബ് ഇൻസ്പെക്ടർ, ഫിഷറീസ്	1	1	60000	24000
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1	24	18	21030085	10710752
മെഡിക്കൽ ഓഫീസർ (ആയുർവേദം)	4	3	483010	438559
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	8	8	3000300	2084817
സെക്രട്ടറി	38	29	5801248	3791348
ഡയറി ഫാം ഇൻസ്ട്രക്ടർ	3	3	692367	384328
അസി. എഞ്ചിനീയർ	49	28	15101690	5359629
അസി. സെക്രട്ടറി	8	6	1714764	977960
ആകെ	**169**	**128**	**54001745**	**28368972**

പദ്ധതിയുടെ മുന്നൊരുക്കപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ചത് അംഗീകരിച്ചത്	04-12-2023-ലെ 2(1) നമ്പർ തീരുമാനം
ആസൂത്രണസമിതി യോഗം ചേർന്നത്	30-12-2023
പദ്ധതി രൂപീകരണ ഗ്രാമസഭകൾ	08-01-2024

വർക്കിംഗ് ഗ്രൂപ്പ്	13-12-2023
ഭിന്നശേഷ ഗ്രാമസഭ	08-01-2024
വയോജന ഗ്രാമസഭ	12-01-2024
വികസന സെമിനാർ	10-01-2024

ബി) ഓഡിറ്റ് വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട മറ്റു പ്രസക്ത വിവരങ്ങൾ:

- ആവിഷ്ക്കരിച്ച 169 പ്രോജക്ടുകളിൽ 128 എണ്ണം മാത്രമാണ് നടപ്പാക്കാൻ കഴിഞ്ഞത്.
- സർക്കാരിൽ നിന്ന് ലഭ്യമായ വികസന ഫണ്ട് തുകകൾ യഥാസമയം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരെ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ കഴിഞ്ഞു.
- കൃഷി, ക്ഷീരവികസന, മൃഗസംരക്ഷണ സേവനമേഖലകളിൽ ആവർത്തന സ്വഭാവമുള്ളതെങ്കിലും ആവിഷ്ക്കരിച്ച പ്രോജക്ടുകൾ ഭൂരിഭാഗവും നടപ്പാക്കി.
- പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമല്ല. തുക ചെലവഴിച്ചതിനു ശേഷം പ്രോജക്ട് സംബന്ധിച്ച് തുടർ നിരീക്ഷണങ്ങൾ നടത്തുന്നില്ല. ചെലവഴിച്ച തുകയുടെ അടിസ്ഥാനത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് വിലയിരുത്തേണ്ടതും, ആവശ്യമായ ഘട്ടങ്ങളിൽ ഇടപെടലുകൾ നടത്തേണ്ടതുമാണ്.
- ഭവന നിർമ്മാണപ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ആദ്യ ഗഡു തുകകൾ കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.
- നിക്ഷേപ പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് തുക കൈമാറുന്നതിൽ പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുന്നു. നൽകിയ തുക ഫലപ്രദവും സമയബന്ധിതവുമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികളില്ല.
- പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ വിച്ഛേദിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളടാപ്പിന്റെ ചാർജിനത്തിൽ ഭീമമായ തുക കുടിശ്ശിക ഒടുക്കുവാൻ അവശേഷിക്കുന്നു. മുൻവർഷങ്ങളിലെ കുടിശ്ശികയാണ് അവശേഷിക്കുന്നത്. കുടിശ്ശികത്തുകയുടെ ഫൈൻ ആയിത്തന്നെ ലക്ഷങ്ങളാണ് ഓരോമാസവും ജലഅതോറിറ്റി പഞ്ചായത്തിന്റെ ബാധ്യതയായി കണക്കിൽ ചേർക്കുന്നത്.
- മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ് ഇനങ്ങളിൽ 80% ചെലവ് പരിധി കൈവരിക്കാത്തതിനാൽ അടുത്ത വർഷം ഷേർട്ട് ഫാളിനത്തിൽ ഗണ്യമായതുകയുടെ കുറവ് വരുന്നതാണ്.
- മരാമത്ത് വർക്കുകളുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു. പ്രോജക്ടുകളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും അസാധാരണമായ കാലതാമസം ഉണ്ടായിരിക്കുന്നു. തൻവർഷത്തെ പുതിയ പ്രോജക്ടുകൾക്ക് അവസാന പാദവർഷത്തിൽമാത്രമാണ് കരാറിലേർപ്പെട്ടിട്ടുള്ളത്.

. ആവിഷ്കരിച്ചിരിക്കുന്ന പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. റോഡ് സംരക്ഷണഗ്രാന്റിൽ ഉൾപ്പെടുത്തി നിരവധി പ്രോജക്ടുകൾ ആവിഷ്കരിച്ചെങ്കിലും നാമമാത്രമായവ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. ചെലവ് കുറവായതിനാൽ നിശ്ചിത ചെലവ് പരിധിയായ 80% കൈവരിക്കാൻ സാധിക്കാതെ വരികയും തൻമൂലം ഷോർട്ട് ഫാളിനത്തിൽകൂടിയും ഫണ്ട് നഷ്ടം ഉണ്ടാവാനുള്ള സാഹചര്യം സംജാതമാവുകയും ചെയ്തിരിക്കുന്നു.

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
തൊഴിലാളികളുടെ വേതനം	0	11432827	11432827	11432827	0
ഭരണച്ചെലവ്	3605	587040	590645	569478	21167
ആകെ	**3605**	**12019867**	**12023472**	**12002305**	**21167**

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	21476200	1401
കർഷക തൊഴിലാളി പെൻഷൻ	636800	38
വിധവ പെൻഷൻ	8003700	533
അവിവാഹിതരായ 50 വയസിലധികം പ്രായമുള്ള വനിതകൾക്ക് ഉള്ള പെൻഷൻ	217200	15
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	1942000	131

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.08.2025 തീയതിയിൽ 3.00 P.M-ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 13835 രൂപ (പതിമൂവായിരത്തി എണ്ണൂറ്റി മുപ്പത്തിയഞ്ച് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ ILGMS സോഫ്റ്റ്‌വെയർ വഴിയാണ് നടത്തിയിട്ടുള്ളത്. ഡേ ബുക്ക്, ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ന്യൂബിൽഡിംഗ് രജിസ്റ്റർ, ഇൻകുംബൻസി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹിച്ച വാർഷിക പദ്ധതി പ്രോജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചിട്ടുണ്ട്. നികുതി നികതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. ഓഫീസ് ഉത്തരവ് പ്രകാരം ഉദ്യോഗസ്ഥർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ പുനപ്പരിശോധിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	06-07-2022 മുതൽ 07-07-2022 വരെ	01/2022 മുതൽ 03/2022 വരെ	----
അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്	17-02-2014 മുതൽ 03-03-2014 വരെ	2008-09 മുതൽ 2012-13 വരെ	24-04-2014

1-11 UPI പേയ്മെന്റ് അക്കൗണ്ടിലെ തുക തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണം

21-07-2023 തീയതിയിലെ എൽ.എസ്.ജി.ഡി./പി.ഡി./20073/2023-ആർ.ഇ.വി2 നമ്പർ സർക്കുലർ പ്രകാരം, BHIM-UPI അധിഷ്ഠിത ഡിജിറ്റൽ പെയ്മെന്റിനായി മാത്രം ഉപയോഗിക്കുന്ന കറന്റ് അക്കൗണ്ടിൽ ലഭിച്ച തുക എല്ലാ മാസവും റീകൺസിലിയേഷൻ നടത്തി, നിലവിലുള്ള തനതു ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് നിർദ്ദേശമുള്ളതാണെങ്കിലും ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ ഫെഡറൽ ബാങ്കിലുള്ള UPI Payment പലിശ രഹിതഅക്കൗണ്ടിൽ (A/C.No.12970200001188) 30.07.2025-ൽ പാസ്സ് ബുക്ക് പ്രകാരം 281723 രൂപ നീക്കിബാക്കിയുണ്ട്. റീകൺസിലിയേഷൻ പൂർത്തീകരിച്ച് പലിശ ലഭിക്കത്തക്ക വിധം കൃത്യമായ ഇടവേളകളിൽ കറന്റ് അക്കൗണ്ടിൽ നിന്ന് സേവിംഗ്സ് അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 വസ്തു നികുതി പരിഷ്ക്കരണം നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണെന്ന് 22.03.2023-ലെ സ.ഉ.(കൈ)77/2023/ തസ്വഭവ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06.06.2024-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12 തീരുമാന പ്രകാരം വസ്തു നികുതി പരിഷ്ക്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതാണ്.

കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും മേൽ പറഞ്ഞ ഉത്തരവിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. ഇതുപ്രകാരം മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം.13/26.08.2025) നല്കിയിരുന്നു. വസ്തുനികുതി പരിഷ്ക്കരണം നടത്തുന്നതിലേക്ക് ഫീൽഡ് പരിശോധന, ഡേറ്റാ എൻട്രി എന്നിവയിലേക്ക് താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഉദ്യോഗാർഥികളുടെ അഭിമുഖം നടത്തി ഒരു ഉദ്യോഗാർഥിയെയാണ് തെരഞ്ഞെടുത്തതെന്നും, തുക കുറവായതിനാൽ ടിയാൾ ജോലികൾ നിർവ്വഹിക്കുന്നതിന് തയ്യാറാകാത്തതിനാൽ വീണ്ടും അഭിമുഖം നടത്തുന്നതിന് പഞ്ചായത്ത്

കമ്മിറ്റിയിൽ അജണ്ട വച്ച് തീരുമാനിച്ചിട്ടുള്ളതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് ഒഴിവാക്കി വരുമാന വർദ്ധനവ് നേടാനാവുന്നതാണ്. തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി - അപാകങ്ങൾ

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. **പരിഷ്ക്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

സ.ഉ.(സാ.ധാ.)നം.1149/2024/LSGD തീയതി 27.06.2024 പ്രകാരം ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തൊഴിൽ നികുതി സ്ലാബുകൾ ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ 2.118 നമ്പർ ശിപാർശയിലെ നിരക്കിൽ 2024 രണ്ടാം അർദ്ധവർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ, സ്ഥാപന ഉടമ സമർപ്പിക്കുന്ന ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനം	ജീവനക്കാരുടെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി	ഈടാക്കിയ തൊഴിൽ നികുതി	കുറവ്
1	തോവേലിൽ ഓട്ടോമൊബൈൽസ്, മാരാമൺ	ഗ്ലോബിൻ	72000	750	600	150
		ആരോമൽ	72000	750	600	150
		ജിഷ്ണു	72000	750	600	150
2	ട്രാവൻകൂർ പേപ്പർ പ്രൊഡക്ട്സ്	ലീനാ സിബി	36000	600	300	300
		ലിൻസി റോയി	36000	600	300	300
		ചിത്ര	36000	600	300	300
		ചിഞ്ചു	36000	600	300	300
		രശ്മി	36000	600	300	300
		മേഴ്സി	36000	600	300	300
3	മാരാമൺ ഹോട്ടൽ & റിസോർട്ട്	ജയലക്ഷ്മി	66000	750	600	150
		ഷിജി	66000	750	600	150

		ഹരികൃഷ്ണൻ	78000	750	600	150
		വിശ്വനാഥൻ	48000	750	600	150
		സന്തോഷ് എം.എസ്	48000	750	600	150
4	മാട്ട് ഓട്ടോ സ്പോർട്ട്സ് കുറിയന്നൂർ	പ്രീത പ്രസാദ്	66000	750	320	430
5	കെ.ഇ. മാത്യു & സൺസ് പമ്പ്	മനു	36000	600	450	150
6	പാറയിൽ ക്ലിനിക്	ഡോ. റൂബൻ ജോൺ	60000	750	600	150
7	ഹോമിയോ ഡിസ്പെൻസറി, ചാലായിക്കര	ആനി കോശി മാത്യു	50000	750	450	300
	ആകെ					**4030**

2. പൗർണ്ണമി ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

3. **<u>റേഷൻ കടകളിൽ നിന്നും നികുതി ഈടാക്കുന്നില്ല</u>**

പഞ്ചായത്ത് പരിധിയിലുള്ള 9 റേഷൻ കടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019-ലെ (സി.എസ്) എ9-764/2019 നമ്പർ കത്തിൽ എല്ലാ റേഷൻ കടകളും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് സ്പഷ്ടീകരണം ലഭിച്ചിട്ടുള്ളതാണ്.

4.**<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. അശ്വിൻ എബ്രഹാം മാത്യു
2. ശ്രീ. ജെ.ചാണ്ടി
3. ശ്രീ. ജോസഫ് എം.ജെ
4. ശ്രീ. ബിജു തോമസ് ജോൺ
5. ശ്രീ. സാംകുട്ടി ജോൺ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.14/26.08.2025) മറുപടിയായി ജീവനക്കാരിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കുന്നതിനും, തൊഴിൽനികുതി അടവാക്കാത്തവരിൽ നിന്നും നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. പഞ്ചായത്ത് പരിധിയിലുള്ള 9 റേഷൻ കടകൾക്ക് ലൈസൻസ്, തൊഴിൽനികുതി എന്നിവ ഒടുക്കു വരുത്തുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, ടി വിവരം സൂചിപ്പിച്ച് ജില്ലാ സപ്ലൈ ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ എന്നിവർക്ക് കത്ത് നൽകിയിട്ടും ടി വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമങ്ങൾ, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസസ്സ് ചെയ്യുന്നതിനും അസസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-14 ലേലം - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല

1. മൂല്യ നിർണ്ണയം പൂർത്തിയാക്കിയ മരങ്ങളുടെ ലേലം

28.10.2023-ലെ ട്രീ കമ്മറ്റിയുടെ തീരുമാനം, 27.08.2024-ലെ 22 (1), (2) നം. ഭരണസമിതി തീരുമാനം എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അപകടകരമായ മരങ്ങൾ, മരത്തിന്റെ ശിഖരങ്ങൾ എന്നിവ മുറിച്ച് മാറ്റുന്നതിനും, ടി മരങ്ങളിൽ നിന്നും ശേഖരിക്കുന്ന തടിയും വിറകും നിയമാനുസൃതം ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽകൂട്ടുന്നതിനും തീരുമാനിച്ചിരുന്നു. മരങ്ങളുടെ മൂല്യ നിർണ്ണയം നടത്തുന്നതിനായി 24.11.2023–ൽ പത്തനംതിട്ട സാമൂഹിക വനവത്ക്കരണ വിഭാഗത്തിന് കത്ത് നൽകുകയും, ആയതിൻ പ്രകാരം നം. SFPA2-1888/23 തീയതി 16/03/2024 കത്ത് പ്രകാരം വാല്യുവേഷൻ തുക നിശ്ചയിച്ച് സോഷ്യൽ ഫോറസ്ട്രി ഡിപ്പാർട്ട്മെന്റിൽ നിന്നും അനുമതി ലഭിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തടി ഇനം/ വണ്ണം	അടിസ്ഥാന വില

1	തേക്ക് 150 CM	1,11,940
2	തേക്ക് 180 CM	1,74,786
3	തേക്ക് 175 CM	1,74,786
4	മാവ്	3,830
5	മുള 35 എണ്ണം	3,500
	ആകെ	**4,68,842**

മേൽ പറഞ്ഞിട്ടുള്ള മരങ്ങൾ ലേലം ചെയ്യുന്നതിനായി 07.12.2024-ൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 23.12.2024, 04.01.2025 എന്നീ തീയതികളിൽ പുനർലേലം നടത്തുകയുണ്ടായി. പ്രസ്തുത പുനർലേലത്തിലും ആരും പങ്കെടുക്കാത്തതിനാൽ പിന്നീട് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. 28.3.2025-ലെ 13(1) നം. ഭരണസമിതി തീരുമാന പ്രകാരം തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ 12-ാം വാർഡിൽ ശ്രീ. ജോയിസ് എബ്രഹാം, ചെറുവിലാലിൽ എന്നയാൾ പുറംമ്പോക്കിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മരങ്ങൾ അപകടകരമാണെന്ന് ബോധ്യപ്പെടുകയും ജില്ലാ പഞ്ചായത്ത് ട്രീ കമ്മിറ്റി കൂടുകയും വനം വകുപ്പ് നിശ്ചയിച്ച വാല്യുവേഷൻ തുകയ്ക്ക് ലേലത്തിലെടുക്കാൻ ആരും തയ്യാറാകാത്ത സാഹചര്യത്തിൽ അടിസ്ഥാനവില 20,000 രൂപയാക്കി നിശ്ചയിച്ച് ലേലം നടത്തുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും ലേലം നടത്തിയിട്ടില്ല.

3. <u>ചാലുകളിൽ മീൻ വളർത്തുന്നതിനുള്ള അവകാശം</u>

തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ വെള്ളങ്ങൂർ പാടശേഖരണത്തിൽപ്പെട്ട ഭാഗത്ത് നെൽകൃഷിയും പച്ചക്കറികൃഷിയും ചെയ്യുന്നതിന്റെ കൂടെ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വെള്ളങ്ങൂർ ചാലിൽ മീൻ വളർത്തുന്നതിനുവേണ്ടി ശ്രീ. മാത്യു മാത്യു, വടാത്ത് വീട് പുല്ലാട് എന്ന വ്യക്തി അപേക്ഷ നൽകിയിരുന്നു. റിപ്പോർട്ടിനായി കൃഷി ഓഫീസർക്ക് കത്ത് നൽകുകയും, ആയതിന് തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിൽ വെള്ളങ്ങൂർ ചാൽ മീൻ വളർത്തുന്നതിനുവേണ്ടി ഫിഷറീസ് വകുപ്പുമായി സഹകരിച്ച് 5 വർഷത്തേക്ക് പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നതിന് അനുവദിക്കാവുന്നതാണെന്നും, ടി ചാലിന് പരിവർത്തനം വരാതെയും നീരൊഴുക്കിന് തടസ്സം വരാതെയുമുള്ള രീതിയിൽ മാത്രം മത്സ്യകൃഷി തുടരാവുന്നതാണെന്നുമുള്ള കൃഷി ഓഫീസറുടെ റിപ്പോർട്ട് 20.3.2025-ലെ 15 (1) നം. ഭരണസമിതി തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിബന്ധനകൾ പാലിച്ചു കൊണ്ട് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്ന മുറയ്ക്ക് അനുമതി നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു.

മേൽ വിഷയങ്ങളിൻമേൽ/തീരുമാനങ്ങളിൻമേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/26.08.2025) മരങ്ങൾ ലേലം നടത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു. മരങ്ങളുടെ ലേലം, പുനർലേലം എന്നിവയിൽ ആരും പങ്കെടുക്കാത്തതിനാൽ കട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നു.

പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള വെള്ളങ്ങൂർ ചാലിൽ മീൻ വളർത്തുന്നതിനുവേണ്ടി ശ്രീ. മാത്യു മാത്യു എന്ന വ്യക്തിയുമായി കരാർ വച്ചിട്ടുണ്ടെങ്കിലും പാട്ട തുക നിശ്ചയിച്ചിട്ടില്ലാത്തതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്നും, പാട്ട തുക നിശ്ചയിച്ച് കൊടുക്കുന്ന മുറയ്ക്ക് ചാൽ ഏൽപിച്ച് കൊടുക്കുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-15 ധാതു ഗതാഗത പെർമിറ്റ് - തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം (6) പ്രകാരം ബിൽഡിംഗ് പെർമിറ്റ് ഉടമ മിനറൽ ട്രാൻസിറ്റ് പാസ്സുകൾ ലഭിച്ച തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണമെങ്കിലും പൂർത്തിയാക്കണം. പ്രസ്തുത വിവരം പെർമിറ്റ് നൽകിയ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും വേണം. ഈ വ്യവസ്ഥ പാലിച്ചില്ലെങ്കിൽ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ ചട്ടം 14-ലെ ഉപചട്ടം (7) പ്രകാരം പെർമിറ്റ് ലഭിക്കുന്നതിന് അടച്ച റോയൽറ്റിക്ക് പുറമെ റോയൽറ്റിയുടെ അഞ്ച് മടങ്ങ് പിഴ അടയ്ക്കാൻ ധാതുഗതാഗത പെർമിറ്റിന്റെ ഉടമ ബാധ്യസ്ഥനായിരിക്കും. കെട്ടിട നിർമ്മാണ സ്ഥലത്ത് നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിനായി ധാതു ഗതാഗത പെർമിറ്റ് അനുവദിച്ച് നൽകി ഒരു വർഷത്തിന് ശേഷവും നിർമ്മാണം ആരംഭിക്കാത്തവർക്കെതിരെ ഗ്രാമപഞ്ചായത്ത് ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചില്ല.

ചുവടെ പറയുന്ന കെട്ടിട ഉടമ ധാതു ഗതാഗത പെർമിറ്റ് ലഭിച്ച് ഒരു വർഷത്തിന് ശേഷവും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ക്രമ നം.	പേര്/വിലാസം	ധാതുഗതാഗത പെർമിറ്റ് നമ്പർ/ തീയതി	പെർമിറ്റിന്റെ കാലാവധി	ഖനനം ചെയ്യേണ്ട മണ്ണിന്റെ അളവ്
1	അനീഷ് രാജപ്പൻ & ജിജിമോൾ ജി. തടിത്രയിൽ, പുത്തൻവീട്, കാഞ്ഞീറ്റുകര	SC3-2374/23 03.11.2023	13.11.2023 മുതൽ 17.11.2023 വരെ	347.57 ടൺ
2	എൻ. ശ്രീകുമാർ തോട്ടത്തുമഠത്തിൽ ശ്രീരാഗം കോളഭാഗം	SC3-3/4707/23 24.02.2024	27.02.2024 മുതൽ 02.03.2024 വരെ	790.48 ടൺ

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-15/26.08.2025) നൽകിയിരുന്നു. ക്രമ നം. 1 പ്രകാരമുള്ള

വ്യക്തി കെട്ടിട നിർമ്മാണം ആരംഭിച്ച് പൂർത്തീകരണ സ്റ്റേജിൽ എത്തിയിട്ടുള്ളതാണെന്നും, ക്രമ നം. 2 പ്രകാരമുള്ള എൻ. ശ്രീകുമാർ എന്നയാൾ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും സെക്രട്ടറി അറിയിച്ചു. ധാതു ഗതാഗത പെർമിറ്റ് എടുത്തതിനുശേഷം നിശ്ചിത സമയപരിധിക്ക് ശേഷവും കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത വ്യക്തിയിൽ നിന്നും റോയൽറ്റി തുകയുടെ അഞ്ചിരട്ടി തുക ഫൈൻ ഈടാക്കുന്നത് ഉൾപ്പടെയുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്ക് വിവരം മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിച്ച് ഓഡിറ്റിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-16 ലൈസൻസ്-അപാകങ്ങൾ

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2024-25 വർഷത്തെ ലൈസൻസ് പിരിവുമായി ബന്ധപ്പെട്ട അപേക്ഷകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2024-25 വർഷം 237 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചു നൽകിയിട്ടുള്ളത്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ- വ്യവസായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് 2024-25 സാമ്പത്തിക വർഷം കാലികമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ 761 കെട്ടിടങ്ങൾ ഉണ്ടെന്നു വ്യക്തമായി (ഒന്നിലധികം കെട്ടിട നമ്പറിൽ ഒരു വാണിജ്യ സ്ഥാപനം പ്രവർത്തിയ്ക്കുന്നതിനുള്ള സാധ്യതയുണ്ട്). ലൈസൻസ് അനുവദിച്ചവയുടെയും സഞ്ചയ സോഫ്റ്റ്‌വെയറിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെയും കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

2. ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 9 റേഷൻ റീട്ടെയിൽ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഇവ ഗ്രാമപ്പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുക്കേണ്ടതാണ്. 2024-25 സാമ്പത്തികവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈസൻസ് എടുക്കാതെ

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

<u>1-17 ഉപയോഗ ശൂന്യമായ വസ്തുക്കൾ ലേലം ചെയ്യണം</u>

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഉപയോഗ ശൂന്യമായ അലമാരകൾ, കസേരകൾ മുതലായ വസ്തുക്കൾ പഞ്ചായത്ത് ഓഫീസിന്റെ പരിസരത്ത് സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിശോധനയിൽ വ്യക്തമായി.

ഉപയോഗ ശൂന്യമായ ടി വസ്തുക്കൾ ലേലം ചെയ്യുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 പുറമ്പോക്ക് കൈയ്യേറ്റം-തുടർപ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

പൊതുവഴിയായ കിഴവറമണ്ണിൽപടി പടിഞ്ഞാറ്റിൻകര റോഡ് ശ്രീ. എൻ ജേക്കബ്, ഞവരിത്തറവീട്, ശ്രീ. പി.റ്റി ഫിലിപ്പ്, പനവേലിൽ എന്നിവർ കൈയ്യേറിയതായും, അതിനെതിരെ സെക്രട്ടറി നടപടി സ്വീകരിക്കുന്നില്ലായെന്നും കാണിച്ച് ശ്രീ. ജോർജ് ചെറിയാൻ സമർപ്പിച്ച റിട്ട് ഹർജി (WP(C)4813/13), തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് 10-ാം വാർഡിൽ കിഴവറമണ്ണിൽപടി-പനവേലിൽപടി റോഡ് കൈയ്യേറി ചുറ്റുമതിൽ നിർമ്മിക്കാൻ ശ്രീ. കെ ജോർജ്ജ് ചെറിയാൻ ആരംഭിച്ചതായും അതുകാരണമായി വഴിയുടെ വീതികുറഞ്ഞതായും കാണിച്ച് ശ്രീ. എൻ ജേക്കബ്, ഞവരിത്തറവീട് സമർപ്പിച്ച റിട്ട് ഹർജി (WP(C)21374/13) എന്നിവയിൻമേൽ ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവല്ല താലൂക്ക് സർവ്വേയർ സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ തോട്ടപ്പുഴശ്ശേരി വില്ലേജിൽ ബ്ലോക്ക് നം. 23-ൽ റീസർവ്വേ 229/17-ൽ പെട്ട പൊതുവഴി നിലവിലുള്ളതായും ടി വഴിയിൽ ശ്രീ. ജോർജ് ചെറിയാൻ കിഴവറമണ്ണിൽ എന്നയാൾ 13 ച.മീ. വരുന്നഭാഗം കൈയ്യേറിയിട്ടുണ്ടെന്നും, തിരുവല്ല തഹസീൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട കിഴവറമണ്ണിൽപടി - പനവേലിപടി റോഡിൽ കയ്യേറ്റം ഉണ്ടെന്ന താലൂക്ക് സർവ്വെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സെക്രട്ടറി 04/12/2023-ൽ 4003/52/LLDC01/GPO/2023/2961(6) നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവിൻമേൽ സെക്ഷൻ 276 പ്രകാരം ശ്രീ. ജോർജ്ജ് ചെറിയാൻ സമർപ്പിച്ച അപ്പീലിൽ 04/03/2024-ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം 27/03/2024 തീയ്യതിയിൽ ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി. ജെസ്സി മാത്യു, ശ്രീ. പ്രതീഷ് കെ, ശ്രീമതി. സിസിലി തോമസ്, ശ്രീ. റെൻസിൻ കെ രാജൻ, ശ്രീമതി രശ്മി ആർ. നായർ, ശ്രീമതി. അനിത ആർ. നായർ, ശ്രീമതി. റീന തോമസ്, ശ്രീമതി. അജിത റ്റി. ജോർജ്ജ്, ശ്രീമതി. ലത ചന്ദ്രൻ, പ്രസിഡന്റ് ശ്രീ. ബിനോയ് സി.എസ് എന്നിവർ തർക്കപ്രദേശം സന്ദർശിക്കുകയും തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. മേൽ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനമോ അഭിപ്രായമോ ആവശ്യമില്ലായെന്ന് 17/04/2024-ലെ 2(1) പ്രകാരം കമ്മിറ്റി അംഗീകരിച്ച് തീരുമാനിച്ചു. ആയത് സംബന്ധിച്ച തുടർനടപടി വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/27-08-2025) മറുപടിയായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള റോഡ് സംരക്ഷിക്കേണ്ട ചുമതല പഞ്ചായത്തിന് ആയതിനാൽ 17/04/2024-ലെ തീരുമാനം പുനപ്പരിശോധിക്കേണ്ടതുണ്ടെന്ന കാരണം രേഖപ്പെടുത്തി 12/06/2024-ലെ കമ്മിറ്റിയിൽ വീണ്ടും അജണ്ട ഉൾപ്പെടുത്തുകയും, മുൻ തീരുമാനത്തിൽ നിന്നും വ്യത്യസ്തമായി റോഡിന് വീതി കുറവുണ്ടെങ്കിൽ മാത്രം കൈയ്യേറ്റം ഒഴിപ്പിച്ചാൽ മതിയെന്ന് തീരുമാനിക്കുകയുണ്ടായി. ടി തീരുമാനവും നിയമപരമല്ല എന്നകാരണത്താൽ 18/07/2024-ലെ കമ്മിറ്റിയിൽ വീണ്ടും അജണ്ട ഉൾപ്പെടുത്തുകയും തീരുമാനം ലഭിക്കുന്നതിനായി സർക്കാരിലേക്ക് റഫർ ചെയ്യുന്നതിനായി തീരുമാനിക്കുകയും, എന്നാൽ സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്തതിനാൽ തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

തോട്ടപ്പുഴശ്ശേരി വില്ലേജിൽ ബ്ലോക്ക് നം. 23-ൽ റീസർവ്വേ 229/17-ൽ പെട്ട വഴിയെ സംബന്ധിച്ചുള്ള റിക്കാർഡുകൾ പരിശോധിച്ചതിലും, ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്തതിലും കൈയ്യേറ്റം ഉണ്ടെന്ന് കണ്ടെത്തിയ വഴി റവന്യൂ പുറമ്പോക്കല്ലാത്ത പൊതുവഴിയാണെന്നും, തോട്ടപ്പുഴശ്ശേരി പഞ്ചായത്ത് രജിസ്റ്ററിൽ രേഖപ്പെടുത്തിയ വഴിയാണെന്ന് ബോധ്യമായിട്ടുള്ളതിനാൽ അപ്രകാരമുള്ള കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായതിനാൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി പത്തനംതിട്ട ജില്ലാകളക്ടറുടെ 01/09/2012-ലെ C10-12936/12/K.Dis നടപടിക്രമങ്ങൾപ്രകാരം ഉത്തരവായിട്ടുള്ളതുമാണ്.

പഞ്ചായത്ത് ഓഫീസിൽ നിലവിൽ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2018-ലെ മഹാപ്രളയത്തിൽ പുറമ്പോക്കു രജിസ്റ്റർ നഷ്ടപ്പെട്ടതായാണ് പഞ്ചായത്തിൽ നിന്നും അറിയിച്ചത്. പുറമ്പോക്ക് ഭൂമി കൈയ്യേറിയിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് പരിശോധിച്ച് ഉറപ്പാക്കിയിട്ടും ആയത് തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി സംരക്ഷിക്കേണ്ടതരത്തിലുള്ള പ്രവർത്തനങ്ങൾ ഭരണസമിതിയിൽ നിന്നും ഉണ്ടായിട്ടില്ലെന്ന് കാണുന്നു. പഞ്ചായത്തിന്റെ ഉത്തമസാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കാൻ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതും, പഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ടുപോകാതെ പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിച്ച് പഞ്ചായത്ത് വസ്തുസംരക്ഷിക്കാനുള്ള തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതും തുടർ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-19 അക്കൗണ്ട് തുടങ്ങിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫോം വിലകൾ സ്വീകരിക്കുന്നതിനായി എസ്.ബി.ഐ-യിൽ അക്കൗണ്ട് തുടങ്ങണമെന്ന് സ.ഉ.(സാധാ)നം.3186/2017/ത.സ്വ.ഭ.വ തീയതി 02/10/2017 പ്രകാരം നിർദ്ദേശമുള്ളതാണ്. എന്നാൽ നാളിതുവരെയായും അസി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പഞ്ചായത്തിന്റെ തനത്ഫണ്ട് അക്കൗണ്ട് എവിടെ നിക്ഷേപിക്കണമെന്നത് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി തീരുമാനിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് മാത്രമാണെന്നും, ആയതിനാൽ അക്കൗണ്ട് തുടങ്ങുവാനുള്ള ചീഫ് എഞ്ചിനീയറുടെ നിർദ്ദേശം ക്രമപ്രകാരമല്ലെന്നും, ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് അസി. എഞ്ചിനീയറുടെ ഇ-ടെണ്ടർ പേയ്മെന്റിനായി മാപ്പ്ചെയ്തുതരണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ കത്ത് നൽകുന്നതിനുമുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ 11/08/2023-ലെ 19-ം നമ്പർ തീരുമാനപ്രകാരം ഫണ്ട് മാപ്പ് ചെയ്തുതരണമെന്നാവശ്യപ്പെട്ട് കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ കത്ത് നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ അപ്രകാരം ചെയ്തു തന്നിട്ടില്ലെന്നും മറുപടി ലഭ്യമാക്കിയിരിക്കുന്നു.

ആയതിനാൽ നിലവിലും ഇ-ടെണ്ടർ ഫോമിന്റെ വില ഇ.ഇ-യുടെ അക്കൗണ്ടിലേയ്ക്കാണ് പോകുന്നത്. കഴിഞ്ഞ മൂന്നുവർഷങ്ങളിലായി ഇ-ടെണ്ടർ ഫോമിന്റെ വില ഇ.ഇ-യുടെ അക്കൗണ്ടിൽ ചെന്നിട്ടുള്ളത് ഗ്രാമപഞ്ചായത്തിലേക്ക് ലഭിച്ചിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചാർക്കുന്നു.

വർഷം	തുക
2023	25975
2024	25365
2025 (നാളിതുവരെ)	9640
ആകെ	**60980**

ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫോം വിലകൾ സ്വീകരിക്കുന്നതിനായി അസി. എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് തുടങ്ങിയാൽ സമയബന്ധിതമായി തുകകൾ പഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് സാധിക്കും. ഇ-ടെണ്ടർ ഇനത്തിൽ ഗ്രാമപഞ്ചായത്തിലേയ്ക്ക് ലഭിക്കേണ്ട തുക ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, ഫണ്ട് മാപ്പ് ചെയ്യുക അല്ലെങ്കിൽ അസി. എഞ്ചിനീയറുടെ പേരിൽ പുതിയ അക്കൗണ്ട് തുടങ്ങുക എന്നിവയിൽ ഏതെങ്കിലും സമയബന്ധിതമായി നടപ്പാക്കി തനത്ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകകൾ കാലവിളംബം കൂടാതെ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-20 പദ്ധതി പ്രവർത്തനങ്ങളിൽ കാലതാമസം

അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം 22 പുതിയ പ്രോജക്ടുകൾക്കാണ് കരാറിലേർപ്പെട്ടിരിക്കുന്നത്. പ്രോജക്ടുകളുടെ ആസൂത്രണത്തിലും, നടത്തിപ്പിലും വലിയ കാലതാമസം നേരിടുന്നതായി കാണുന്നു. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ മാത്രമാണ് (2025 ജനുവരി മുതൽ മാർച്ച് വരെ) കരാറുകൾ ഒപ്പിട്ടിരിക്കുന്നത്. ആയതിനാൽ തന്നെ 14 പ്രോജക്ടുകൾക്കാണ് ചെലവ് വന്നിട്ടുള്ളത്. നാമമാത്രമായ പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുപോലും പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ട് ആവിഷ്കരണത്തിലും, നടത്തിപ്പിലും അസാധാരണമായ താമസം നേരിട്ടത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (12/26-08-2025) മിക്ക പ്രോജക്ടുകളും ചെറിയ തുക അടങ്കൽ ഉൾപ്പെടുത്തി തയ്യാറാക്കിയതാണെന്നും, താരതമ്യേന ചെറിയതുകയ്ക്കുള്ള പ്രോജക്ടുകൾക്ക് കോൺട്രാക്ടർമാർക്കിടയിൽ സ്വീകാര്യത കുറവാണെന്നും ആയതിനാലാണ് കാലതാമസം നേരിടുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ലഭ്യമാകുന്ന ഫണ്ട് ഓരോവാർഡിലേയ്ക്കും വീതം വെക്കുന്നതാണ് പ്രധാനകാരണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഫണ്ട് വീതം വെയ്ക്കൽ നടത്താതെ പഞ്ചായത്തിനെ ഒറ്റയൂണിറ്റായിക്കണ്ട് ആവശ്യകതയുടെ അടിസ്ഥാനത്തിൽ പ്രോജക്ടുകൾക്കുവേണ്ടി തുക ചെലവഴിക്കാൻ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. വരും വർഷങ്ങളിലെ പ്രോജക്ട് ആസൂത്രണത്തിലും,നടത്തിപ്പിലും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-21 കരാറിലേർപ്പെടൻ കാലതാമസം-ഫൈൻ ഒടുക്കിയത്

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി ടെണ്ടർ ക്ഷണിച്ച് കരാറിലേർപ്പെട്ട് പ്രവൃത്തി നടപ്പാക്കിയിട്ടുള്ള ചില പ്രോജക്ടുകളുടെ കരാറുകാരിൽ നിന്നും കറാറിലേർപ്പെടാൻ കാലതാമസം നേരിട്ടതിന് പിഴ ഈടാക്കിയിരുന്നില്ല. അക്സപ്റ്റൻസ് ലെറ്റർ തീയതി മുതൽ 14ദിവസം വരെ കരാറുകാരന് പിഴയില്ലാതെ കരാറിലേർപ്പെടാവുന്നതും, ആയതിനു സാധിച്ചില്ലെങ്കിൽ പിന്നീടുള്ള പത്തുദിവസത്തെ കാലയളവിനുള്ളിൽ കരാറുകാരൻ കപാട്ടു ചെയ്ത തുകയുടെ 1% തുക ഫൈൻ ഈടാക്കിക്കൊണ്ട് കരാറിലേർപ്പെടാവുന്നതുമാണ്. ഇപ്രകാരം ഫൈൻ ഈടാക്കിയിട്ടില്ലാത്ത മൂന്ന് പ്രവൃത്തികൾ സംബന്ധിച്ച് എൻക്വയറി(10/26-8-2025) നൽകിയതിന്റെ അടിസ്ഥാനത്തിൽ 29-8-2025-ലെ R-G030304-25001767 രസീത് പ്രകാരം 5230രൂപ പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്. കരാർ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-22 മരാമത്ത് പ്രവൃത്തികൾ ഇൻഷ്വർ ചെയ്യുന്നില്ല

2024-25 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 28 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണമാണ് നടന്നിട്ടുള്ളത്. അസ്സിസ്റ്റന്റ് എൻജിനീയർ കരാറുകാരന് നൽകിയ ലൈറ്റർ ഓഫ് അക്സപ്റ്റൻസ് പ്രകാരം കരാർ വച്ചു കഴിഞ്ഞാൽ പതിനഞ്ച് ദിവസത്തിനകം പ്രവൃത്തി ഇൻഷ്വർ ചെയ്ത് കരാറുകാരൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഇപ്രകാരം പ്രവൃത്തി ഇൻഷ്വർ ചെയ്തില്ലായെങ്കിൽ കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.എല്ലാ മരാമത്ത് പ്രവൃത്തികൾക്കും ഡിഫക്ട് ലൈബിലിറ്റി കാലയളവ് പൂർണ്ണമാകത്തക്ക രീതിയിൽ ഇൻഷ്വറൻസ് കവറേജ് നിർബന്ധമാണ്. തൻവർഷം നാമമാത്രമായ പ്രോജക്ടുകൾക്ക് മാത്രമാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ബാക്കിയെല്ലാ പ്രോജക്ടുകളുടെയും ബില്ലിൽ നിന്നും 0.2% തുക ഫൈൻ ഇനത്തിൽ ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്. ഫൈൻ ഈടാക്കുന്ന പ്രവണത ഒഴിവാക്കി എല്ലാ മരാമത്ത് പ്രവൃത്തികളും ഇൻഷ്വർ ചെയ്യുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

1-23 മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണ ഉദ്യോഗസ്ഥനായി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 200000രൂപ(BRN 24050952012000695295/23-9-2024) ഹോംകോയിൽ ഒടുക്കിയിട്ടുണ്ട്. ആയതിൽ 134823 രൂപയുടെ മരുന്നുകളാണ് നാളിതുവരെയായും ലഭ്യമായിട്ടുള്ളത്. 65177 രൂപയുടെ

മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

1-24 ഗ്രാന്റ് വിനിയോഗത്തിലെ കുറവ് - ഗ്രാമപഞ്ചായത്തിന് ഷോർട്ട് ഫോളിനത്തിൽ ഫണ്ട് നഷ്ടപ്പെടും

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ സ.ഉ.(കൈ)നം.79/2021/ധന നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി സംരക്ഷണ ഗ്രാന്റുകൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി-ഓവർ ചെയ്ത് ലഭ്യമാകുന്നത്. ഫണ്ട് വിനിയോഗം 80 ശതമാനത്തിൽ കുറവാണെങ്കിൽ, യഥാർത്ഥ ചെലവും ആകെ അനുവദിച്ച ഫണ്ടിന്റെ 80% എന്നിവയും തമ്മിലുള്ള വ്യത്യാസം ഷോർട്ട്ഫോൾ ആകുന്നതാണ്. 2024-25 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച ആസ്തി സംരക്ഷണ ഗ്രാന്റ് പൂർണ്ണമായി ചെലവഴിക്കാൻ സാധിക്കാതിരുന്നതിനാൽ (80% മുകളിൽ) ഷോർട്ട് ഫോൾ ഇനത്തിൽ ഗണ്യമായ തുക നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	**അലോട്ട്മെന്റ്**	**ചെലവ്**	**ചെലവ് ശതമാനം**	2025-26 വർഷം നഷ്ടമാകുന്നതുക
മെയിന്റനൻസ് ഗ്രാന്റ്- റോഡ്	5820970	3442472	59.14	1214304
മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ്	3041000	2052610	67.50	380190

നിലവിലെ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷം ഷോർട്ട് ഫോളിനത്തിൽ തുക നഷ്ടപ്പെടുകയും, പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കാതെ വരികയും ചെയ്യും.

പദ്ധതി ചെലവിലുണ്ടാകുന്ന കുറവ് തുടർ വർഷങ്ങളിൽ ലഭ്യമാകുന്ന പദ്ധതി വിഹിതത്തെയും ബാധിക്കുമെന്നതിനാൽ ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് വിവിധ

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അടിയന്തിര ശ്രദ്ധയും ക്രിയാത്മകമായ ഇടപെടലുകളും ഉണ്ടാകേണ്ടതാണ്.

1-25 തെരുവ് വിളക്കുകളുടെ ടൈമർ സിസ്റ്റം പ്രവർത്തനരഹിതം

അയിരൂർ, ആറന്മുള, കുമ്പനാട് എന്നീ ഇലക്ട്രിക്ക് സെക്ഷനുകളിലെ തെരുവ് വിളക്കുകളുടെ മീറ്ററുമായി ബന്ധപ്പെട്ട ടൈമർ നിലവിൽ പ്രവർത്തന രഹിതമാണ്. പ്രവർത്തനരഹിതമായ ടൈമറുകൾ മാറ്റി പുതിയ ടൈമർ സിസ്റ്റം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്ത് 28-12-24 തീയതിയിൽ മൂന്ന് ഇലക്ട്രിക്ക് സെക്ഷനുകളിലേയും അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് കത്ത് നൽകിയെങ്കിലും നാളിതുവരെ പുതിയ ടൈമർ സിസ്റ്റം സ്ഥാപിച്ചിട്ടില്ല. ടൈമർ സിസ്റ്റം പ്രവർത്തനരഹിതമായതിനാൽ പകൽസമയത്തും തെരുവു വിളക്കുകൾ പ്രകാശിക്കുന്നതിനും അതുവഴി തെരുവുവിളക്കുകളുടെ വൈദ്യുത ഉപഭോഗം കൂടുന്നതിനും സാധ്യതയുണ്ട്. തെരുവു വിളക്കുകളുടെ 07/2025 ലെ വൈദ്യുതി ബിൽ പ്രകാരം അയിരൂർ, ആറന്മുള, കുമ്പനാട് എന്നീ സെക്ഷനുകളിൽ യഥാക്രമം 79860, 7295, 1021 രൂപയാണ് വൈദ്യുതചാർജ്ജായി ഡിമാൻഡ് ചെയ്തിരിക്കുന്നത്. 2024-25 വർഷം ടൈമർ സിസ്റ്റം സ്ഥാപിക്കുന്നതിന് (SOO181/25) ധനകാര്യക്കമ്മീഷൻ അവാർഡ് 100000 രൂപ അടങ്കൽ ഉൾപ്പെടുത്തി പദ്ധതി ആസൂത്രണം ചെയ്തെങ്കിലും നടപ്പാക്കിയില്ല. ടൈമർ സിസ്റ്റം സ്ഥാപിക്കാത്തതിനാൽ വൈദ്യുത ഉപഭോഗം കൂടുകയും തനത് ഫണ്ടിന്റെ ചോർച്ചക്ക് കാരണമാകുകയും ചെയ്യുന്നതിനാൽ ആയത് സ്ഥാപിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിവരം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-26 ലോഗ്ബുക്ക് - പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിൽ ഉപയോഗിക്കുന്ന വാഹനത്തിന്റെ (മഹീന്ദ്ര ബോലീറോ KL27C- 3635) ലോഗ്ബുക്ക് പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാഹനം ഉപയോഗിക്കുന്ന വ്യക്തി എല്ലാ ദിവസങ്ങളിലും ലോഗ്ബുക്കിൽ ഒപ്പ് ഇടുന്നില്ല. ഉദാ. 16-02-25, 18-02-25, 19-02-25, 26-02-25, 27-02-25.

2. ഓരോ മാസവും വാങ്ങിയ ആകെ പെട്രോളിന്റെ അളവ്, ഉപയോഗം, മുൻബാക്കി, നീക്കിബാക്കി, ആകെ ഓടിയ ദൂരം എന്നിവ ഉൾപ്പെടുന്ന മാസാന്ത്യ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

3. വാഹനത്തിന് മൂവ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എന്‍ക്വയറിക്ക് (നം. 07/23-08-25) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. ലോഗ്ബുക്ക് സർക്കാർ നിർദ്ദേശത്തിന്‍റെ അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-27 ദുരിതാശ്വാസ നിധി നിഷ്ക്രിയം

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവർക്കും , ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും, നിർധനരുമായ വ്യക്തികൾക്കും അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്‍റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പറഞ്ഞിട്ടുണ്ട്. ചട്ടം 3(4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. ആയതനുസരിച്ച് ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളതും ചട്ടം 3(4) പ്രകാരം ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി പത്തനംതിട്ട ജില്ലാ സഹകരണബാങ്ക് മാരാമൺ ശാഖയിൽ സെക്രട്ടറിയുടെ പേരിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുള്ളതുമാണ്. ചട്ടപ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചെങ്കിലും ആയത് സജീവമായി പ്രവർത്തിക്കുന്നില്ല. 2024-25 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ടി അക്കൗണ്ടിൽ തുകയൊന്നും അവശേഷിക്കുന്നില്ല. ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങൾ ഇത് സംബന്ധിച്ച ചട്ടങ്ങളിൽ വിശദമാക്കിയിട്ടുണ്ടെങ്കിലും ആയത് പ്രാവർത്തികമാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇത് കാരണം അടിയന്തിര ധനസഹായം ആവശ്യമായ വ്യക്തികൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ദുരിതാശ്വാസ നിധിയിലേക്ക് ധനം സമാഹരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ച്, ഗ്രാമപഞ്ചായത്തിലെ നിർധനരായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-28 ഐ.സി.ഡി.എസ്. സെൻട്രൽ ഷെയർ- 19.31 ലക്ഷം രൂപ ചെലവഴിക്കാൻ അവശേഷിക്കുന്നു

പൂരക പോഷകാഹാര പരിപാടി നടപ്പിലാക്കുന്നതിന് ലഭ്യമാക്കുന്ന കേന്ദ്ര സഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടം ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം,

വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനാവശ്യമായ പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് തദ്ദേശ സ്വയം ഭരണ (ഡിസി) വകുപ്പിന്റെ 03.09.2020 ലെ നം. 39033/ഡിസി 2/10/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്.

2024-25-ലെ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
1052945	891658	1944603	12884	1931719

31.03.2025-ൽ ഈയിനത്തിൽ ആകെ 19,31,719 രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ആയതിനാൽ ഇത് വകമാറ്റി ചെലവഴിക്കപ്പെടാൻ സാദ്ധ്യതയുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് അങ്കണവാടി കെട്ടിട നിർമ്മാണം, അറ്റകുറ്റപ്പണി എന്നിവ നടത്താവുന്നതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-29 ലൈഫ് പദ്ധതി ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

മുൻവർഷങ്ങളിൽ കരാർ വെച്ച ലൈഫ് പദ്ധതി ഗുണഭോക്താക്കളിൽ ചുവടെ ചേർത്തിരിക്കുന്നവർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേരും വിലാസവും	കൈപ്പറ്റിയ തുക	ഏറ്റവും അവസാനം തുക കൈപ്പറ്റിയ തീയതി
1	വിജയകുമാർ, പ്ലാചുവട്ടിൽ, തടിയൂർ	40000	08.09.2020
2	സുമതി എം.കെ. കൊച്ചുമേളംപുറത്ത്, പുല്ലാട്	350000	20.07.2021
3	ആനന്ദവല്ലി കുഞ്ഞുമോൻ, നടുക്കേപ്പുരയിൽ, മാരാമൺ	40000	13.02.2021
4	സുശാന്ത്കുമാർ എസ്, കള്ളിപ്പാറ ലക്ഷംവീട്, കോളഭാഗം	380000	21.03.2025
5	രാജമ്മ, താഴക്കാട്ട് വീട്, പുല്ലാട്	353333	15.02.2025

6	സന്തോഷ് കുമാർ, പൂവൻപാറകരിമ്പുങ്കൽ, കുറിയന്നൂർ	360000	05.07.2024
7	മനോജ്കുമാർ കെ.ആർ, കാവുപറമ്പിൽ വീട്, ചിറയിറമ്പ്	360000	15.11.2023
8	മത്തായിദാവീദ്, പൂച്ചാംകുഴിയിൽ വീട്, കോളഭാഗം	350000	14.08.2023
9	സുനിൽകുമാർ എൻ.ജി, ചർളേൽതടത്തിൽ, മൈലാടുംപാറ	300000	30.10.2023
10	സുമതികൃഷ്ണൻകുട്ടി, മൈക്കുഴിയിൽ വീട്, കുറിയന്നൂർ പി.ഒ.	300000	22.03.2025
11	ലീലാമ്മസ്റ്റീഫൻ, ചിറക്കലേത്ത് വീട്, പുല്ലാട് പി.ഒ.	350000	28.03.2025
12	മോളിക്കുട്ടി, പുന്നത്താറ്റ് വീട്, ചിറയിറമ്പ്	340000	20.11.2024

ഈ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തീകരണ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പലിശസഹിതം തുക തിരികെ ഈടാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-30 പൊതുടാപ്പുകളുടെ വെള്ളക്കരം കുടിശ്ശിക- 1.40 കോടി രൂപ

പഞ്ചായത്ത് പരിധിയിലുണ്ടായിരുന്ന 248 ടാപ്പുകളുടെ കുടിവെള്ളക്കരമിനത്തിൽ നാളിതുവരെ പഞ്ചായത്തിന്റെ ബാദ്ധ്യത 14042229 രൂപയാണ്. കേരള വാട്ടർ അതോറിറ്റിയും പഞ്ചായത്തും സംയുക്തമായി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനുണ്ടായ കാലതാമസവും വാട്ടർ അതോറിറ്റി സമയബന്ധിതായി പരിശോധന റിപ്പോർട്ട് ലഭ്യമാക്കാത്തതുമാണ് ഇത്രയും ഭീമമായ കുടിശ്ശിക വരാൻ കാരണമായത്.

പഞ്ചായത്ത് ഭരണസമിതിയുടെ 31.12.18 തീയതിയിലെ 9(1) നമ്പർ തീരുമാനപ്രകാരം 10.06.19, 31.05.21 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം 07.06.21, 08.11.21- തീയതിയിലെ 8(4) നമ്പർ തീരുമാനപ്രകാരം 18.11.21 എന്നീ തീയതികളിൽ പഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തന രഹിതമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് സംയുക്ത പരിശോധന നടത്തുന്നതിന് കേരള വാട്ടർ

അതോറിറ്റിക്ക് പഞ്ചായത്ത് കത്ത് നൽകിയിരുന്നു. എന്നാൽ കേരള വാട്ടർ അതോറിറ്റി 2022 ഫെബ്രുവരിയിൽ (തീയതി ലഭ്യമല്ല) ആണ് സംയുക്ത പരിശോധന നടത്തിയത്. പഞ്ചായത്ത് നിരന്തരം ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി സംയുക്ത പരിശോധനക്ക് തയ്യാറാകാത്തതിനാൽ പഞ്ചായത്തിന് വെള്ളക്കരമിനത്തിൽ വൻ തുക കുടിശ്ശിക ആകുന്നതിന് കാരണമായി.

2022 ഫെബ്രുവരിയിൽ നടന്ന സംയുക്തപരിശോധനയുടെ അടിസ്ഥാനത്തിൽ ഉപയോഗ ശൂന്യമായ ടാപ്പുകൾ ഒഴിവാക്കി പുതുക്കിയ ഡിമാന്റ് നോട്ടീസ് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്ന് 30.05.22 തീയതിയിൽ C4-6001/22 നമ്പർ പ്രകാരം കത്ത് നൽകിയെങ്കിലും, വാട്ടർ അതോറിറ്റി റിപ്പോർട്ട് ലഭ്യമാക്കിയില്ല.

248 ടാപ്പുകളിൽ പ്രവർത്തിക്കാത്ത 20 ടാപ്പുകൾ ജലജീവൻ മിഷനിലുൾപ്പെടുത്തി നീക്കം ചെയ്തിട്ടുള്ളതായും ജലജിവൻമിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകിയിട്ടുള്ള ഭാഗങ്ങളിൽ ഉപയോഗശൂന്യമായ 150 ടാപ്പുകൾ കട്ട് ചെയ്യുന്നതിനായി 227976 രൂപയുടെ എസ്റ്റിമേറ്റ്, 13.06.22 തീയതിയിലെ എസ്റ്റിമേറ്റ് No. PHSP/GL/234 പ്രകാരം കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് സംയുക്ത പരിശോധനയിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ 78 ആണെന്ന് കണ്ടെത്തി. (248-20-150=78) എന്നാൽ തുടർന്നും 248 ടാപ്പുകളുടെ വെള്ളക്കരമാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നത്.

തനതു വരുമാനം കുറവുള്ള പഞ്ചായത്തായതിനാൽ പൊതുടാപ്പുകളുടെ കട്ടിംഗ് ചാർജ്ജ് ഇനത്തിൽ എസ്റ്റിമേറ്റ് പ്രകാരം ആവശ്യപ്പെട്ട തുക ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഒഴിവാക്കി നൽകുന്നതിന് 30.06.22-ലെ 400352/GARC08/GPO/2022/874(1) നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. ആയതിന് വാട്ടർ അതോറിറ്റി പഞ്ചായത്തിന് മറുപടി നൽകിയിട്ടില്ല.

2024 ഫെബ്രുവരി വരെ 248 ടാപ്പുകൾക്കാണ് വാട്ടർ ചാർജ്ജ് ഡിമാന്റ് ചെയ്തത്. അതിനുശേഷം 2024 മാർച്ച് മാസം മുതൽ 164 ടാപ്പുകൾക്കാണ് ഡിമാന്റ് നോട്ടീസ് നൽകിയത്. 150 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 13.06.22-ൽ എസ്റ്റിമേറ്റ് നൽകിയ വാട്ടർ അതോറിറ്റി പ്രവർത്തിക്കുന്ന ടാപ്പുകളുടെ എണ്ണം 164 ആയി നിജപ്പെടുത്തിയത് എപ്രകാരമാണ് എന്ന് വ്യക്തമല്ല.

33 ടാപ്പുകൾ നിലനിർത്തി 131 ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 272586 രൂപ ആവശ്യപ്പെട്ടതനുസരിച്ച് ആയത് 21-22, 22-23 വർഷങ്ങളിൽ പഞ്ചായത്തിന്റെ പൈപ്പ് ലൈൻ നീട്ടൽ പദ്ധതികൾ സാങ്കേതിക കാരണങ്ങളാൽ നിർവഹിക്കാതെ വന്നതിനാൽ വാട്ടർ അതോറിറ്റിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകയായ 1139160 രൂപയിൽ നിന്ന് ഈടാക്കുന്നതിനും പഞ്ചായത്തിന്റെ അനുമതിയോടെ നിശ്ചയിച്ചു. (KWA 04.03.24 N0 084-21651/2023 (Price3) ഇപ്രകാരം 131 ടാപ്പുകൾ കട്ട് ചെയ്തതിന്റെ വിവരം വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയിച്ചിട്ടില്ല. ഡിപ്പോസിറ്റ് തുകയിൽ അവശേഷിക്കുന്ന 866574 രൂപ നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല.

2024 മാർച്ച് മാസം വരെയുള്ള കുടിശ്ശിക 10150864 രൂപ ഒടുക്കുന്നതിന് KWA ആവശ്യപ്പെടുകയും അല്ലാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്ന് 22.03.24-ലെ നമ്പർ A3-3458/23 കത്ത് പ്രകാരം വാട്ടർ അതോറിറ്റി പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തനതു വരുമാനം പൊതുവെ കുറവായ പഞ്ചായത്ത് സംയുക്തപരിശോധന നടത്തുന്നതു സംബന്ധിച്ച് 2019 മുതൽ വാട്ടർ അതോറിറ്റിയോട് നിരന്തരം ആവശ്യപ്പെട്ടിട്ടും സമയബന്ധിതമായി പരിശോധന നടത്തുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്യാതെ കുടിശ്ശികയിനത്തിൽ ഭീമമായ തുക ഡിമാന്റ് ചെയ്ത കേരള വാട്ടർ അതോറിറ്റിയുടെ നടപടി ക്രമപ്രകാരമല്ല. കുടിശ്ശിക സംബന്ധിച്ച് പഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി തീരുമാനമെടുക്കേണ്ടതും ഉചിതമായ നടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടതുമാണ്.

06.08.2025-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 13772086 രൂപ കുടിശ്ശികയും, 270143 രൂപ പിഴയുമുണ്ട്. കുടിശ്ശിക തുക ഒടുക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാത്ത പക്ഷം വർദ്ധിച്ച് വരുന്ന പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി പരിണമിക്കുന്നതാണ്. ഈ വിഷയത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>1-31 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നില്ല</u>

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുന്നുണ്ടെങ്കിലും, പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിൽ നിർവ്വഹണ ഏജൻസികൾ സമയ ക്ലിപ്തത പാലിക്കുന്നില്ല. 2024-25-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം, വിവിധ നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിച്ചതിൽ ക്രമീകരിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

കേരള വാട്ടർ അതോറിറ്റി	3057770
കെ.എസ്.ഇ.ബി	2443421
പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സബ് ഡിവിഷൻ,	415625

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/27.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. നിക്ഷേപ പ്രവൃത്തികളുടെ നിർവ്വഹണ പുരോഗതി നിരീക്ഷിക്കേണ്ടതും, ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-32 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കുന്നില്ല

വിവിധ വർഷങ്ങളിൽ ഗ്രാന്റായും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുമായും ലഭിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ വിവധ ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. 2024-25 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	31/03/2025-ലെ നീക്കിയിരിപ്പ് തുക
കേന്ദ്ര ഗവ. അവാർഡ്	144360
ICDS കേന്ദ്ര വിഹിതം	1931719
ശുചിത്വമിഷൻ ഗ്രാന്റ്	190297
ഹെൽത്ത് ഗ്രാന്റ്-അടിസ്ഥാനസൗകര്യ വികസനം	527136
ഹെൽത്ത് ഗ്രാന്റ്-കെട്ടിടനിർമ്മാണം	587464
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ബേസിക്ക്	1457716
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	6556461
ആയുർവേദം	500000
ഗുണഭോക്തൃവിഹിതം	252058
റൂറൽ ഹൗസിംഗ്	700000
സമ്പൂർണ്ണ ശുചിത്വ ക്യാമ്പെയ്ൻ	488028
സമ്പൂർണ്ണ ശുചിത്വ സ്കീം	48013
വെറ്ററിനറി സർവ്വീസസ്& ആനിമൽ ഹെൽത്ത്	191061
ക്രിമറ്റോറിയം	2226
ഖരമാലിന്യ സംസ്ക്കരണം	209579
മറ്റ് ഫണ്ടുകൾ	532700
ജില്ലാ പഞ്ചായത്ത്	10018
മറ്റ് ഗവ. ഏജൻസികളിൽ നിന്നുള്ള ഗ്രാന്റ്	248467

പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന ഗ്രാന്റുകൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം നിഷ്ക്രിയാവസ്ഥയിലുള്ളത്. ഗ്രാന്റുകൾ ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/27.08.2025) സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല.

ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നും പദ്ധതി ലക്ഷ്യം നിറവേറ്റുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. ഭരണ സമിതിയുടേയും ഉദ്യോഗസ്ഥരുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

1-33 ജൽജീവൻ മിഷൻ പദ്ധതി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് കേരളത്തിലെ ജൽജീവൻ മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിൽ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന ജലജീവൻ പദ്ധതിയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഹിതം 15%-ും ഗുണഭോക്തൃ വിഹിതം 10%-ും ആണ്. പഞ്ചായത്ത് വിഹിതവും, ഗുണഭോക്തൃ വിഹിതവും കണ്ടെത്തുവാൻ കഴിയാതെ വരുന്ന പഞ്ചായത്തുകൾക്ക് എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സ.ഉ.(സാധാ.)നം.4584/2020/ധന,തീയതി-10/08/2020 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29-06-2021-ലെ 2(1) തീരുമാനം പ്രകാരം പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ വിവരം ചുവടെചേർക്കുന്നു.

ആകെ അടങ്കൽ	30,18,00,000
ഗ്രാമപഞ്ചായത്ത് വിഹിതം (15%)	4,52,70,000
ഗുണഭോക്തൃവിഹിതം (10%)	3,01,80,000
സംസ്ഥാന സർക്കാർ വിഹിതം (25%)	7,54,50,000
കേന്ദ്ര സർക്കാർ വിഹിതം (50%)	15,09,00,000

പദ്ധതി നടത്തിപ്പിനായി ഇംപ്ലിമെന്റ് സപ്പോർട്ട് ഏജൻസിയായ കേരള വോളന്ററി ഹെൽത്ത് സർവ്വീസസ്, കോട്ടയം എന്ന സ്ഥാപനവുമായി 25/11/2021-ന് എഗ്രിമെന്റ് നം.03/2021 പ്രകാരം ത്രികക്ഷി കരാർ ചമച്ചിട്ടുണ്ട്.

ജലജീവൻ മിഷൻ പദ്ധതിക്കു വേണ്ടി ഗ്രാമപഞ്ചായത്ത് നാളിതുവരെ വിഹിതമൊന്നും നൽകിയിട്ടില്ല.

പദ്ധതിയുടെ നിലവിലെ അവസ്ഥ

ജൽജീവൻ മിഷന്റെ കണക്കുകൾ പ്രകാരം (Www.Kwa.Kerala.Gov.In) തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിലെ ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്ക് ചുവടെ ചേർക്കുന്നു.

ആകെ ഗ്രാമീണ വീടുകൾ	5280
നിലവിലുള്ള മൊത്തം കണക്ഷൻ	3452
ഇനി നൽകാനുള്ള കണക്ഷൻ	1828
JJM-ന് മുമ്പുണ്ടായിരുന്ന കണക്ഷൻ	1477 (01/04/2020-ന് മുമ്പ്)
JJM തുടങ്ങിയശേഷം നൽകിയ കണക്ഷൻ	1975

ജൽ ജീവൻ മിഷൻ പദ്ധതിക്കായി സ്ഥാപന വിഹിതമായോ ഗുണഭോക്തൃ വിഹിതമായോ തുകകളൊന്നും വാട്ടർ അതോറിറ്റിക്ക് നൽകാത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. കേരള വാട്ടർ അതോറിറ്റിയുമായി സഹകരിച്ചുകൊണ്ട് പദ്ധതിയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ശേഖരിക്കേണ്ടതും പദ്ധതിയുടെ സുഗമമമായ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കുടിവെള്ളകണക്ഷൻ ലഭിക്കാത്ത ഏതെങ്കിലും കുടുംബങ്ങൾ ഉണ്ടോയെന്ന് പഞ്ചായത്ത് പരിശോധിച്ച് അപ്രകാരമുള്ള കുടുംബങ്ങൾ ഉണ്ടെങ്കിൽ ജൽ ജീവൻ മിഷൻ വഴി കുടിവെള്ളം ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-34 ഹെൽത്ത് ഗ്രാന്റ് – അവലോകനം

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഡിസ്പെൻസറികളുമുൾപ്പടെയുള്ള ആരോഗ്യ-ശുചിത്വ മേഖല, കുടുംബക്ഷേമം മുതലായവ പഞ്ചായത്തുകളുടെ ചുമതലയാണ്. ഈ മേഖലയിൽ ഫലപ്രദമായി ഇടപെടുന്നതിന് പഞ്ചായത്തുകളെ ശാക്തീകരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള വർഷങ്ങളിലാണ് ഗ്രാന്റ് അനുവദിക്കുന്നത്. കേന്ദ്ര ധനമന്ത്രാലയത്തിന്റെ 16/07/2021-ലെ OM No. 15(2) FC-XV/FCD/2020-25 പ്രകാരം ആരോഗ്യ മേഖല ഗ്രാന്റുകൾ സംബന്ധിച്ച പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കുന്നതിന് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ ചേർക്കുന്ന സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

ഗ്രാമീണ മേഖല

1. സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം.

2. സ്കീം 2 - ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം.

3. സ്കീം 3 – ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

4. സ്കീം 4 – ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

നഗര പ്രദേശം

5. സ്കീം 5 – നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. സ്കീം 6- അർബൻ ഹെൽത്ത് & വെൽനെസ് കേന്ദ്രങ്ങൾ.

ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(സാധാ)നം.2132/2022/LSGD; 31.08.2022 ഉത്തരവ്, സ.ഉ.(സാധാ)നം.1625/2023/LSGD; 09.08.2023 ഉത്തരവ് എന്നിവ മുഖേന ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും, ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2021-22, 2022-23, 2023-24 വർഷങ്ങളിൽ അനുവദിച്ച ഗ്രാന്റാണിത്.

ഇനം	ലഭിച്ച ഗ്രാന്റ് (2022-23)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	0	236447 (പലിശ 3193)	239640	92670	146970
Grant For Rural Health & Wellness Centres	0	110000 (പലിശ 1570)	111570	0	111570
Construction Of Building For PHC	0	0	0	0	0
ആകെ	**0**	**351210**	**351210**	**92670**	**258540**

ഇനം	ലഭിച്ച ഗ്രാന്റ് (2023-24)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	146970	689000 (പലിശ 12721)	848691	127341	721350
Grant For Rural Health & Wellness Centres	111570	303000 (പലിശ 6698)	421268	16412	404856
Construction Of Building For PHC	0	0	0	0	0
ആകെ	**258540**	**1011419**	**1269959**	**143753**	**1126206**

ഇനം	ലഭിച്ച ഗ്രാന്റ് (2024-25)			ചെലവഴിച്ചത്	നീക്കിയിരിപ്പ്
	മുന്നിരിപ്പ്	വരവ് (പലിശ ഉൾപ്പെടെ)	ആകെ		
Support For Diagnostic Infrastructure In PHC & Sub Centres	721350	288000 (പലിശ 21776)	1031126	503990	527136
Grant For Rural Health & Wellness Centres	404856	482000 (പലിശ 9071)	895927	308463	587464
Construction Of Building For PHC	0	0	0	0	0
ആകെ	**1126206**	**800847**	**1927053**	**812453**	**1114600**

മേൽ കണക്കുകൾ പ്രകാരം രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ലഭ്യമായ 12.13 ലക്ഷം രൂപയിൽ 7.24 ലക്ഷം രൂപ മാത്രമാണ് നാളിതുവരെ ചെലവഴിച്ചത്. ഈ അക്കൗണ്ടിൽ 5.27 ലക്ഷം രൂപ

അവശേഷിക്കുന്നുണ്ട്. ഹെൽത്ത് & വെൽനെസ്സ് സെന്ററുകൾക്കായി ലഭിച്ച 8.95 ലക്ഷം രൂപയിൽ 3.24 ലക്ഷം രൂപ ചെലവഴിക്കുകയും 5.87 ലക്ഷം രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ട്.

പി.എച്ച്.സി യുടെ കെട്ടിട നിർമ്മാണത്തിനായി മൂന്നു വർഷങ്ങളിലും ഹെൽത്ത് ഗ്രാന്റായി തുകയൊന്നും തന്നെ ലഭിച്ചിട്ടില്ല. ഇപ്രകാരം 2021-22, 2022-23, 2024-25 സാമ്പത്തിക വർഷങ്ങളിലെ ഹെൽത്ത് ഗ്രാന്റായി ആകെ ലഭിച്ച 21.08 ലക്ഷം രൂപയിൽ 10.48 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സർക്കാർ ഉത്തരവുകൾ പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ നൽകിയ തുക ഉപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തിനു സ്കീം-3 പ്രകാരം ചെയ്യാവുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കായി നാളിതു വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

ക്രമ നം.	ഇനം	ചെലവഴിച്ച തുക			ആകെ
		2022-23	2023-24	2024-25	
1	ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.	-	-	51739	51739
2	ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.	-	-	37968	37968
3	ഉപകരണങ്ങൾ, കിറ്റുകൾ, റീയേജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.	-	107004	327153	434157
4	ഉപകരണങ്ങളുടെ മെയിന്റനൻസ്	-	-	-	-
5	ലാബ് ടെക്നീഷ്യൻ, ഫീൽഡ് സ്റ്റാഫ് എന്നിവർക്ക് പരിശീലനം	-	-	1380	1380
6	ലാബ് ഇല്ലാത്ത സ്ഥാപനങ്ങളിൽ പുതിയ ലാബ് ആരംഭിക്കൽ.	-	86457	-	86457
	ആകെ	**-**	**193461**	**418240**	**611701**

Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച ഗ്രാന്റുപയോഗിച്ച് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. നാളിതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഇനം	ചെലവഴിച്ച തുക	ആകെ

		2022-23	2023-24	2024-25	
1	പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ.	24996	90030	43017	158043
2	ഇന്ററർനെറ്റ് ചാർജ്	-	-	-	-
3	ബോധവൽക്കരണ ക്ലാസ്സുകൾ	-	-	-	-
4	ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം	-	-	-	-
5	ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക	67674	72832	114451	254957
	ആകെ	**92670**	**162862**	**157468**	**413000**

പഞ്ചായത്ത് പ്രാഥമികാരോഗ്യകേന്ദ്രത്തിന് കീഴിൽ കോളഭാഗം, കുറിയന്നൂർ, ചിറയിറമ്പ്, മാരാമൺ എന്നിങ്ങനെ നാലു സബ് സെന്റററുകൾ ഉണ്ട്. നാല് ഉപ കേന്ദ്രങ്ങളിലും രോഗനിർണയം വിവിധ സ്റ്റാഫ് ആൻഡ് പോക്ക് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. 15-ാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻഡ് മുഖേന പി.എച്ച്.സി-യിലും ഉപകേന്ദ്രങ്ങളിലും ഫീൽഡ് തലത്തിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നതിനും സാധിച്ചു. 2024 ജനുവരി മാസമാണ് പി.എച്ച്.സി-യിൽ ലാബ് പ്രവർത്തനമാരംഭിച്ചത്. പുതിയ ലാബിലേക്ക് വിവിധ ഉപകരണങ്ങൾ എൻ.എച്ച്.എം മുഖേനയാണ് ലഭിച്ചത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻഡ് സ്കീം മൂന്ന് മുഖേന ലാബ് ടെസ്റ്റിനാവശ്യമായ റിയൽ കിറ്റ്, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ പ്രിന്റർ, ലാപ്ടോപ്പ്, എ.സി, ഫർണിച്ചർ, ബന്ധപ്പെട്ട സ്റ്റേഷനറി ഐറ്റംസ്, ശുചിത്വം ഉറപ്പുവരുത്താൻ ക്ലീനിങ് ഐറ്റംസ്, ഇൻവർട്ടർ സൗകര്യം, ഹോട്ട് കട്ടർ, ബി.പി അപാരറ്റസ് ഹീമോഗ്ലോബിനോ മീറ്റർ, ബയോമെഡിക്കൽ വേസ്റ്റ് ട്രോളി മുതലായ മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങലുകൾ നടത്തി. ലാബ് പ്രവർത്തനം സ്വീകാര്യമാക്കുന്നതിനും, ലാബ് ടെസ്റ്റ് ക്വാളിറ്റി ഉറപ്പാക്കുന്നതിനുമായി ക്യു.എ.എസ് ഏർപ്പെടുത്തുന്നതിനും, രോഗനിർണയവുമായി ബന്ധപ്പെട്ട പരിശീലനം വിവിധ സ്റ്റാഫിന് നൽകിയതിലൂടെ രോഗനിർണയത്തെ സംബന്ധിച്ച് വിവിധ സ്റ്റാഫുകളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനും, ആയത് ഫീൽഡ് സ്റ്റാഫുകളിലൂടെ പൊതുജനങ്ങൾക്ക് എത്തിക്കാനും സാധിച്ചു. എച്ച്. ആൻഡ് എഫ്.ഡബ്ല്യു.ഡി സബ് സെന്റർ ഫംഗ്ഷൻ ഓർഡർ പ്രകാരമുള്ള 12 ടെസ്റ്റുകൾ ഉറപ്പുവരുത്തി മാനദണ്ഡപ്രകാരമുള്ള 64 ടെസ്റ്റുകളിൽ 39 ടെസ്റ്റുകളും 5 ടെസ്റ്റുകൾ ഹബ്ബ് ആൻഡ് സ്റ്റോക്ക് സംവിധാനത്തിലും നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി, രോഗനിർണയ സൗകര്യം

മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ലാബ് ടെസ്റ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
15	90000	90000	0	

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 നുളളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
NIL	NIL	NIL	NIL	NIL	NIL

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	-	NIL	0	-

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)	മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
0	-	-	-	-	-

4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി
2024-25	26.08.2025 & 27.08.2025	കെ.എസ്.എ-പി.റ്റി.എ/ പി8/1114/2025 തീയതിഃ 03-10-2025

4-3 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക
ജില്ലാ പഞ്ചായത്ത്	കാർഷിക വിള സംരക്ഷണം-ചെയിൻ ലിങ്ക് ഫെൻസിംഗ്	20000
ജില്ലാ പഞ്ചായത്ത്	നെൽകൃഷി വികസനം	113026
ജില്ലാ പഞ്ചായത്ത്	സാന്ത്വന പരിചരണം (SO)	21440
ജില്ലാ പഞ്ചായത്ത്	സാന്ത്വന പരിചരണം	199975
ജില്ലാ പഞ്ചായത്ത്	ലൈഫ് ഭവന പദ്ധതി-പട്ടികജാതി	220000
ജില്ലാ പഞ്ചായത്ത്	ലൈഫ് ഭവന പദ്ധതി- ജനറൽ	360000
ജില്ലാ പഞ്ചായത്ത്	നിർമ്മല ഗ്രാമം നിർമ്മല നഗരം നിർമ്മല ജില്ല ബയോബിൻ വിതരണം	700000
ജില്ലാ പഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്	46000

ജില്ലാ പഞ്ചായത്ത്	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി	55920
ബ്ലോക്ക് പഞ്ചായത്ത്	നെൽകൃഷി വികസനം	100000
ബ്ലോക്ക് പഞ്ചായത്ത്	ലൈഫ് ഭവന പദ്ധതി-പട്ടികജാതി	320000
ബ്ലോക്ക് പഞ്ചായത്ത്	ലൈഫ് ഭവന പദ്ധതി- ജനറൽ	630000
ബ്ലോക്ക് പഞ്ചായത്ത്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്	200000
ബ്ലോക്ക് പഞ്ചായത്ത്	അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി	150000

4-4 നിക്ഷേപ പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ഡെപ്പോസിറ്റ് ചെയ്ത തുക	ചെലവ് (വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	വിവിധ വാർഡുകളിലെ ഇലക്ട്രിക്കൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (80/25)	399000	ഇല്ല	399000
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ നീട്ടൽ (So 147/2025)	13486	ഇല്ല	13486

4-5 വായ്പ/വായ്പാതിരിച്ചടവ്

വാർഷിക ധനകാര്യ പത്രിക പ്രകാരം വായ്പ ഇനത്തിലുള്ള നീക്കിയിരിപ്പ് തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക	തൻവർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി-KURDFC	357461	506667	-	149206
ലൈഫ് ഭവന പദ്ധതി-HUDCO	-	518492	-	518492

ഗ്രാമപഞ്ചായത്തിൽ വായ്പാ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-7 സ്ഥിര നിക്ഷേപം

ഇല്ല

4-8 ഓഡിറ്റ് റിക്കവറി

ഇല്ല

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക
ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക
ഇല്ല

4-10 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08 2010-11	3-16	2012-13	2-4	തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഫ്രണ്ട് ഓഫീസ് പ്രവർത്തനം	നിലവിൽ റാമ്പ് സ്ഥാപിച്ചിട്ടുണ്ട്
പ്രവർത്തന ക്ഷമത റിപ്പോർട്ട്	3.4.5.1 3.4.5.3 3.4.5.4 3.4.5.6 3.4.5.7 3.4.5.8 3.4.5.9 3.4.5.10 3.4.5.11 3.4.5.12 3.4.5.13	2012-13		. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സംവിധാനം - രജിസ്ട്രേഷനും തൊഴിൽ കാർഡ് വിതരണവും (1) . തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണ സംവിധാനം - തൊഴിലിന് അപേക്ഷിക്കലും തൊഴിൽ ലഭ്യമാക്കലും (1) . ഗ്രാമസഭ പങ്കാളിത്തമില്ല (3) . എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകങ്ങൾ (4)	തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയ മറുപടിയുടെയും ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു രേഖകൾ ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണം (3-4-5-3)- ***ഗ്രാമസഭ പങ്കാളിത്തം-പാര 50*** വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണം (3-4-5-7)- ***ഒരു മെയ്റ്റിനെ മാത്രം***

					. നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിൽ വീഴ്ച (5) . തൊഴിൽ ഉപകരണങ്ങൾ - വാടക ഈടാക്കുന്നതും വിനിയോഗിക്കുന്നതും സംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നില്ല (6) . ഒരു മെയ്റ്റിനെ മാത്രം സ്ഥിരം നിയോഗിക്കുന്നു. (7) . മാസ്റ്റർ റോൾ അപാകത (8) . അക്കൗണ്ട് ബാങ്ക് ചാർജ്ജ് ഈടാക്കുന്നു (10) . ആസ്തി സൃഷ്ടിക്കൽ – റോഡ് നിർമ്മാണം (11) . രേഖകളുടേയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് (12) . ജാഗ്രത മേൽനോട്ട കമ്മിറ്റികൾ (13)	***നിയോഗിക്കുന്നു.- പാര- 71***
	2014-15	2-1, 2-2, 2-3	2016-17		വസ്തുനികുതി അപാകതകൾ	പരാമർശം നിലനിൽക്കുന്നു
	2015-16	2-1, 2-2	2016-17		തൊഴിൽ നികുതി അപാകതകൾ	പരാമർശം നിലനിൽക്കുന്നു
	2019-20	1-11	2021-22	1.1	വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച്	കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്.

					വസ്തു നികുതി നിർണ്ണയം നടത്തുന്നത്	

4-11 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ)	43030790	87743237
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	27298638	91719150
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	--
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പടെ)	ഇല്ല	--
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല	--

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ബാധകമല്ല

4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	അവശേഷിക്കുന്ന ഖണ്ഡികകൾ
2011-12 2012-13	എൽ.എഫ്.പിറ്റിഎ-പി8.684/2014 തീയതി 19.11.2014/12.01.2015	2 (3-11, 3-10)
2013-14	എൽ.എഫ്.പിറ്റിഎ-പി8.325/2015 തീയതി 17.06.2015/16.07.2015	1 (3-1)
2014-15	എൽ.എഫ്.പിറ്റിഎ-പി8.733/2016 തീയതി 08.07.2016	5 (2-1, 2-2, 2-3, 3-1, 3-7)
2015-16	കെഎസ്എ.പിറ്റിഎ-പി8.1208/2016 തീയതി 18.11.2016	8 (2-2(എ)), 2-2(ബി), 3-1-1, 3-3, 3-7, 3-8, 3-12, 3-15)
2016-17	കെഎസ്എ.പിറ്റിഎ-പി8.975/2017 തീയതി 30.08.2017	2 (3-9, 4-2)
2017-18	കെഎസ്എ.പിറ്റിഎ-പി8.84/2019 തീയതി 08.02.2019	1 (4-2)
2018-19	കെഎസ്എ.പിറ്റിഎ-പി8.1007/2019 തീയതി 13.12.2019	1 (1-25)
2019-20	കെഎസ്എ.പിറ്റിഎ.പി8-418/2021 തീയതി 29.06.2021	3 (1-17, 1-25, 1-26)
2020-21	കെഎസ്എ.പിറ്റിഎ.പി8-429/2022 തീയതി 18.05.2022	6 (1-18, 1-21, 1-22, 1-23, 3-1, 3-2)
2021-22	കെഎസ്എ.പിറ്റിഎ.പി8-1302/2022 തീയതി 27.04.2023	4 (1-15, 1-22, 1-26, 4-2)
2022-23	കെഎസ്എ.പിറ്റിഎ.പി8-907/2023 തീയതി 19.09.2023	8 (1-14, 1-16, 1-17, 1-21, 1-28, 1-29, 1-30, 4-2)

2022-23	കെഎസ്എ.പിറ്റിഎ.പി8-919/2024 തീയതി 07.10.2024	15 (1-11, 1-14, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-25, 1-26, 1-28, 1-29, 4-2, 4-7, 4-10)

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 12 dated 12(1) dated 16-06-2025 and submitted on 17-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the THOTTAPPUZHASSERY Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of THOTTAPPUZHASSERY Grama Panchayat as on 31-03-2025

Date: 03/10/2025 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of THOTTAPPUZHASSERY Grama Panchayat for the Year 2024-2025.

1.Major Observations

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1.Cashflow Statement - Net increase in Cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

2.Basic ratios as per Kerala Panchayat Raj Accounting Rules and notes on significant accounting policies were not included in annual accounts.

3. Demand entries are not being recorded in timely manner

4. Monthly reconciliations are not being made to the register.

5. Bank accounts are not being reconciled.

6. The balance amount of deposit works is not correct.

7. Demand, collection, and balance of property tax in the Sanchaya software do not match with the respective figures in the Annual Financial Statement

8. Certain expenses are seen omitted from financial statement.

9. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

10. Capital contribution not recorded equal to assets.

11. Lapsed deposits have not been 'forfeited' and transferred to the revenue head.

12. Amount received for utilization of joint projects was included wrongly in the asset head.
13. Certain expenses are not included in the correct head of account.
14. Beneficiary contribution- balance is not accurate
15. The part bill amount is not included under the heading Capital Work in Progress.
16. Valuation of stocks is not included in the annual financial statements.
17. Finance Commission Grant Allocation - balance amount does not match with Annual Financial Statement.
18. The accuracy of balance amount of Life Loan in B5 schedule is not convinced.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തോട്ടപ്പുഴശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്